| | | | |
|---|---|---|---|
| 10. | ശ്രീ. എ. ജോർജ് | 31. | ശ്രീ. കെ. രാഘവൻ മാസ്റ്റർ |
| 11. | ,, പി. സി. ജോർജ് | 32. | ,, രാഘവൻ പൊഴക്കടവിൽ |
| 12. | ,, എം. എം. ഹസ്സൻ | 33. | ,, കെ. പി. രാമചന്ദ്രൻ നായർ |
| 13. | ,, എം.പി. എം. ഇസ്ഹാക്ക് കുരിക്കൾ | 34. | ,, എസ്. രാമചന്ദ്രൻ പിള്ള |
| | | 35. | ,, തേറമ്പിൽ രാമകൃഷ്ണൻ |
| 14. | ,, എ. എൽ. ജേക്കബ് | 36. | ,, കെ. പി. രാമൻ |
| 15. | ,, റവ. എം. ജേക്കബ് | 37. | ,, തോപ്പിൽ രവി |
| 16. | ,, റവ. എസ്. ജോൺ | 38. | ,, എൻ. ശക്തൻ നാടാർ |
| 17. | ,, എ. സി. ജോസ് | 39. | ,, പി. സീതി ഹാജി |
| 18. | ഡോക്ടർ കെ. സി. ജോസഫ് | 40. | ,, കടവൂർ ശിവദാസൻ |
| 19. | ശ്രീ. പി. ജെ. ജോസഫ് | 41. | ,, നാലകത്ത് സൂപ്പി |
| 20. | ,, കെ. ജി. ആർ. കർത്താ | 42. | ,, എൻ. ശ്രീനിവാസൻ |
| 21. | ,, ജി. കാർത്തികേയൻ | 43. | ,, പന്തളം സുധാകരൻ |
| 22. | ,, കെ. കരുണാകരൻ | 44. | ,, കോട്ടക്കുഴി സുകുമാരൻ |
| 23. | ,, പി. കെ. കുഞ്ഞാലിക്കുട്ടി | 45. | ,, സി. എം. സുന്ദരം |
| 24. | ,, മണിമംഗലത്ത് കുട്ട്യാലി | 46. | ,, എൻ. സുന്ദരൻ നാടാർ |
| 25. | ,, കെ. പി. എ. മജീദ് | 47. | ,, വി. സുരേന്ദ്രൻപിള്ള |
| 26. | ,, ഇ. ടി. മുഹമ്മദ് ബഷീർ | 48. | ,, സി. എഫ്. തോമസ് |
| 27. | ,, കെ. പി. നൂറുദ്ദീൻ | 49. | ,, കെ. കെ. തോമസ് |
| 28. | ,, ഉമ്മൻ ചാണ്ടി | 50. | ,, പി. കെ. വേലായുധൻ |
| 29. | ,, സി. വി. പത്മരാജൻ | 51. | ,, സ്റ്റീഫൻ പാമ്പുവ |
| 30. | ,, തച്ചടി പ്രഭാകരൻ | | |

അനുകൂലിക്കുന്നവർ—51

പ്രതികൂലിക്കുന്നവർ—51

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ചെയറിന്റെ കാസ്റ്റിംഗ് വോട്ടോടുകൂടി പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

## പ്രമേയം 2

### (2) ദേശീയോത്ഗ്രഥന സമിതിയുടെ രീതിയിൽ സംസ്ഥാനതല സമിതി

ശ്രീ. സി. ടി. അഹമ്മദ് അലി : "ദേശീയ ഐക്യവും സാമുദായിക സൗഹാർദ്ദവും കൂടുതൽ ശക്തിപ്പെടുത്തുവാൻ വേണ്ടി ദേശീയതലത്തിൽ ഇപ്പോഴും നിലവിലുള്ള ദേശീയോത്ഗ്രഥന സമിതിയുടെ രീതിയിൽ സംസ്ഥാന തലത്തിലും ഒരു സമിതി രൂപീകരിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കണമെന്ന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളോട് ഈ സഭ അഭ്യർത്ഥിക്കുന്നു" എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഈ സഭയിലെ എല്ലാ അംഗങ്ങളും ഈ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. ദേശീയതലത്തിൽ ഇന്ന് കാണുന്ന ഛിദ്രശക്തികളെ നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മജിയുടെ പടത്തിന്റെ മുന്നിൽനിന്നു കൊണ്ട് നാം വളരെയേറെ ഉത്കണ്ഠയോടും വേദനയോടുംകൂടിയാണ് വീക്ഷിക്കുന്നത്. ഈ ഘട്ടത്തിൽ ഇന്ന് ദേശീയതലത്തിൽ ദേശീയോത്ഗ്രഥന സമിതി കയും നിലവിലുണ്ടെങ്കിലും അത് കാര്യക്ഷമമായി പ്രവർത്തികമാക്കണമെങ്കിൽ സംസ്ഥാനതലത്തിൽ അതിനു സമിതികളും ഉണ്ടായെങ്കിൽ മാത്രമെ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തുവാനും നാം ഉദ്ദേശിച്ച ഫലം ഉണ്ടാക്കുവാനും സാധിക്കുകയുള്ളുവെന്നുള്ള കാര്യത്തിൽ, യാതൊരു സംശയവുമില്ല. ഇൻഡ്യയുടെ ഇന്നത്തെ സ്ഥിതിഗതികളും തന്നെ പരിശോധിക്കേണ്ടതുണ്ട്. ഈ രാജ്യത്തിനേ സൗകര്യത്തിനുവേണ്ടി സംസ്ഥാനങ്ങളും രൂപീകരിച്ചുവെങ്കിലും ഇന്ന് പല സംസ്ഥാനങ്ങളും ഏതുവിധത്തിലാണ് അത് കൈകാര്യം ചെയ്യുന്നതെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

സർ, നമുക്കറിയാം, ഇന്ന് ഗൂർഖാ ലാൻഡിനുവേണ്ടി ഇവിടെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുന്നു; അതിനുവേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ പഞ്ചാബിലെ സ്ഥിതിഗതികളും നമുക്കറിയാം. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകത്തിൽപ്പോലും അവിടെ മലയാളികൾക്ക് രക്ഷയില്ല. മഹാരാഷ്ട്രയിലെ ശിവസേന 'മണ്ണിന്റെ മക്കൾ' വാദവുമായി ഇന്ന് രംഗപ്രവേശനം ചെയ്തിരിക്കുകയാണ്. അതുപോലെ കാശ്മീരിലും ചില സംഭവവികാസങ്ങളുണ്ട്. ഇവയെല്ലാം തന്നെ നമ്മുടെ ദേശീയ ഐക്യത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ കോട്ടം തട്ടിക്കുന്ന സംഭവവികാസങ്ങളാണ്. ഇന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും സാമുദായിക സംഘട്ടനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇതിനെയെല്ലാം കാര്യക്ഷമമായി കടിഞ്ഞാണിടാനും, നിയന്ത്രിക്കാനും ഇതുപോലുള്ള സമിതികൾ അനിവാര്യമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, നമ്മുടെ രാജ്യം ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഒരു ജനാധിപത്യ രാഷ്ട്രമാണ്. 72 കോടി ജനങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്ത് 2.75 കോടി ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുമാത്രം ഉള്ളപ്പോൾ ഇവിടത്തെ പ്രശ്നങ്ങളുടെ ഗൗരവം ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇവിടെയുള്ള വിവിധ ഭാഷകളും, വിവിധ മതങ്ങളും, വിവിധ സംസ്കാരങ്ങളും ഇവയെല്ലാം തന്നെ വളരെയേറെ സൗഹാർദ്ദത്തോടും നന്നായും കൊണ്ടുപോവുകയാണെങ്കിൽ ഏറ്റവും നല്ല ഒരു രാഷ്ട്രമായി നമുക്ക് മുന്നോട്ടു പോകാൻ കഴിയും. അതേയവസരത്തിൽ ഒരു പൂന്തോട്ടത്തിലെ പുഷ്പങ്ങളെപ്പോലെ വിവിധ വർണ്ണങ്ങളുള്ള സംസ്കാരങ്ങളും വളർത്തിയെടുക്കാനും ഇത് സഹായകരമാകും.

സർ, ഈ സന്ദർഭത്തിൽ ഒന്ന് രണ്ട് നിർദ്ദേശങ്ങളും ഈ പ്രമേയത്തെക്കുറിച്ച് ഉന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതെങ്കിലും മതത്തേയോ ജാതിയേയോ കുറിച്ച് അധിക്ഷേപിക്കുന്ന ലേഖനങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും വലിയ പ്രസക്തിയുള്ള ഒരു കാലഘട്ടമാണിത്. ഏതെങ്കിലും സമുദായത്തെയോ അല്ലെങ്കിൽ ആരുടെയെങ്കിലും പേരോ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം അതുമൂലം ഇവിടെ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകും. അതുകൊണ്ട് ഏതെങ്കിലും സമുദായത്തെയോ ജാതിയെയോ അതല്ലെങ്കിൽ സംസ്ഥാനത്തെയോ കുറിച്ച് ഇവിടെ എന്തെങ്കിലും പരാമർശനം നടത്തുന്ന പ്രസിദ്ധീകരണങ്ങളെയും സംഘടനകളെയും ശക്തമായി നിയന്ത്രിക്കേണ്ടതും നിയമം കൊണ്ടുവരേണ്ടതും ആവശ്യമാണ്. ഇവിടെ പ്രാദേശീയമായി പല നാമത്തിലും ബസ് സ്റ്റോപ്പുകളും നഗരങ്ങളുടെ പേരുകളും ഒക്കെ ഇടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെങ്കിലും ദേശീയാടിസ്ഥാനത്തിലുള്ള ഒരു സംവിധാനം നാമകരണത്തിൽ സ്വാഭാവികമായും ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ പാഠ്യപദ്ധതികളിൽ, സിലബസുകളിൽ കാര്യമായ ദേശീയ ബോധം വളർത്തുവാനും, അതുപോലെതന്നെ സാമുദായിക സൗഹൃദം ഊട്ടിയുറപ്പിക്കാനും ഉതകുന്ന രീതിയിൽ പാഠപുസ്തകങ്ങളും സിലബസും ഏർപ്പെടുത്താനുള്ള നടപടികൂടി സ്വീകരിക്കണം. കൂടാതെ ഓണം, ക്രിസ്തുമസ് തുടങ്ങിയവ വിവിധ സമുദായങ്ങൾ ഒന്നിച്ച് ആഘോഷിക്കുന്നതിലും, ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

ആഘോഷമെന്നുള്ള നിലയിൽ ഈ സമുദായങ്ങളുടെ ആഘോഷങ്ങളും വളരെ നല്ല നിലയിൽ നിലനിറുത്തുന്നതിനും ഗവൺമെൻറ് തലത്തിൽ പ്രോൽസാഹിപ്പിക്കുകയും, അങ്ങനെ പരസ്പരമുള്ള തെറ്റിദ്ധാരണകളും മതസൗഹാർദ്ദത്തിന് ഭംഗം ഉണ്ടാക്കുന്ന രീതിയും ഒഴിവാക്കുകയും ചെയ്യണം. അതിന് സംസ്ഥാനതലത്തിൽ മതനേതാക്കൾ, ഉദ്യോഗസ്ഥൻമാർ, രാഷ്ട്രീയ പ്രതിനിധികൾ, പത്രപ്രവർത്തകർ ഇവരെല്ലാം കൂടിയുള്ള ഒരു സമിതി ഉണ്ടാക്കി കേരള സംസ്ഥാനം മാറ്റ് പല സംസ്ഥാനങ്ങൾക്കും മാതൃക കാണിക്കണം. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട് വളരെയേറെ പ്രശ്നങ്ങൾ ഉള്ള ഘട്ടത്തിൽപ്പോലും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മതസൗഹാർദ്ദം കാഴ്ച വെയ്ക്കുന്ന കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്ന്. അതുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻകൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇത് മറ്റുള്ള സംസ്ഥാനങ്ങളിൽകൂടി വ്യാപിപ്പിച്ചുകൊണ്ട് ദേശീയ തലത്തിൽ വളരെയേറെ കാര്യക്ഷമമായി വർദ്ധിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഉള്ള നടപടി സ്വീകരിക്കണം. ദേശീയ ഐക്യവും, സാമുദായിക സൗഹൃദവും കെട്ടിപ്പടുക്കുന്നതിന് പൂർണ്ണമായും പത്ര പ്രവർത്തകരുടെ സഹായവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

**ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :** ശ്രീ. സി. ടി. അഹമ്മദ് അലി ഇവിടെ അവതരിപ്പിച്ച ദേശസ്നേഹപരമായ ഈ പ്രമേയത്തെ പിന്താങ്ങുന്നതിൽ എനിക്ക് സന്തോഷമുണ്ട്. മതസൗഹാർദ്ദത്തിനും ദേശീയ ഐക്യത്തിനും തങ്ങളാൽ കഴിയുന്ന വിലപ്പെട്ട സംഭാവന നൽകിയിട്ടുള്ള പാർട്ടിയുടെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ ഇത്തരം ഒരു പ്രമേയം അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ ധാർമ്മിക അവകാശം വളരെ വലുതാണെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനം ഇൻഡ്യയ്ക്കുതന്നെ മാതൃകയാണ്. നമ്മുടെ സംസ്ഥാനത്തിന് ഉജ്ജ്വലമായ ഒരു പാരമ്പര്യമാണുള്ളത്. നമ്മുടെ രാജ്യം ദർശിച്ചതുപോലെ ആസ്സാമിലെ . വിദേശീയ പ്രശ്നത്തെതുടർന്നുള്ള പ്രക്ഷോഭത്തെപോലെയും മിസ്സോറാമിലെയും നാഗാലാൻഡിലെയും വിഘടന സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളെപ്പോലെയും രാഷ്ട്ര മനഃസ്സാക്ഷിയെ ദുഃഖിപ്പിച്ചുകൊണ്ട് പഞ്ചാബിൽ നടക്കുന്ന സംഭവങ്ങളെപ്പോലെയും, ത്രിപുരയിലെ ട്രൈബൽസും നോൺട്രൈബൽസും തമ്മിൽ നടക്കുന്ന സംഘട്ടനം പോലെയും, പശ്ചിമബംഗാളിൽ നടന്നുകൊണ്ടിരിക്കുന്ന ഗൂർഖാലാൻഡ് വാദം ഉന്നയിച്ചിട്ടുള്ള സംഭവങ്ങൾപോലെയും കർണ്ണാടകയിൽ ഇപ്പോഴും നടന്നുവരുന്ന സംഭവങ്ങൾപോലെയും ഒന്ന് നമ്മുടെ മണ്ണിൽ ഉണ്ടായിട്ടില്ലെന്നതിൽ മലയാളികൾ എന്നുള്ള നിലയിൽ നമുക്ക് അഭിമാനമുണ്ട് സർ. തീർച്ചയായും ഇൻഡ്യയ്ക്ക് മതസൗഹാർദ്ദത്തിന്റെ കാര്യത്തിലും ദേശീയ ഐക്യത്തിൽ പൗരൻമാർക്കുള്ള കടമ നിർവ്വഹിക്കുന്ന കാര്യത്തിലും വിലപ്പെട്ട സംഭാവനകൾ നൽകിയ സംസ്ഥാനം എന്നുള്ള നിലയിൽ ഇത്തരം ഒരു കാര്യം കൂടി ചെയ്യുന്നതുകൊണ്ട് ദേശീയോദ്ഗ്രഥന പ്രവർത്തനത്തിൽ പങ്കുവഹിക്കാനുള്ള ഒരു അവസരം നമുക്ക് ഉണ്ടാകുമെന്നാണ് എന്റെ പ്രത്യാശ. ഇതുസംബന്ധിച്ച് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി രാജീവ്ഗാന്ധി ചൂണ്ടിക്കാണിച്ചതുപോലെ രാജ്യത്തിന്റെ താൽപ്പര്യങ്ങളെ എതിർക്കുന്ന ശക്തികളെ ഒന്നായിട്ട് എതിർക്കുന്ന കാര്യത്തിൽ വേണ്ടത്ര മുമ്പോട്ടു പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നിർഭാഗ്യവശാൽ നമ്മുടെ ജനാധിപത്യ രംഗത്ത് നിലനിൽക്കുന്ന അനാരോഗ്യകരമായ ഒരു പ്രവണതയാണ് ഭരണകക്ഷി എന്തുചെയ്താലും അതിനെ എതിർക്കുകയെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിന്റെയും പ്രതിപക്ഷം എന്തു ചെയ്താലും അതിനെ എതിർക്കുക യെന്നുള്ള ഭരണകക്ഷിയുടെയും വിചിത്രമായ നിലപാട്. ഇവിടെയിപ്പോൾ പശ്ചിമബംഗാളിലും ത്രിപുരയിലും നടന്നിട്ടുള്ള സംഭവങ്ങളെക്കുറിച്ച് ഉടതുപക്ഷ മുന്നണിക്കാർക്ക് ഒരു വ്യാഖ്യാനം ഉണ്ട്. രാജ്യതാൽപ്പര്യത്തി നെതിരായി നിൽക്കുന്ന ശക്തികളെ ഒന്നായിട്ട് എതിർക്കുന്നതിനുപകരം ഉടതുപക്ഷ മൂവ്മെന്റിനെ തകർക്കാൻവേണ്ടി പ്രതിലോമശക്തികളും ഭരണ കക്ഷിയെ സഹായിക്കുകയാണെന്ന ആരോപണം അവർ ഉന്നയിച്ചിട്ടുണ്ട്. സത്യത്തിൽ ദേശീയബോധത്തോടുകൂടി രാജ്യതാൽപ്പര്യങ്ങളെ എതിർക്കുന്ന ശക്തികളെ രാഷ്ട്രീയമായ ദൃഷ്ടിലക്കാതെ ഒറ്റക്കെട്ടായി എതിർക്കാനുള്ള ഒരു പ്രവണത ആദ്യമായിട്ട്, ഈ രാജ്യത്ത് വളരുക യാണു വേണ്ടത്. ആ മാർഗ്ഗത്തിലേക്ക് ചിന്തിക്കുകയാണ് വേണ്ടത്.

അതുപോലെതന്നെ മറ്റൊരു കാര്യം ഉണ്ട്. എന്താണെന്നുവച്ചാൽ ഇവിടെ മതസൗഹാർദ്ദം അപകടപ്പെടുന്നതിനെക്കുറിച്ച് വ്യത്യസ്തമായ ചില വ്യാഖ്യാനങ്ങളും ചിലർ നൽകുന്നുണ്ട്. ഇവിടെ ചില പാർട്ടികളും മതതത്വ ങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സംരക്ഷണത്തിന്റെ അടിസ്ഥാന ത്തിൽ സംഘടിക്കുന്നതുകൊണ്ടാണ് അപകടമെന്ന് ചിലർ ചൂണ്ടിക്കാണി ക്കുന്നു. സർ, അഭിമാനത്തോടുകൂടി കേരളത്തിലെ ഭരണമുന്നണിയിലെ ഒരു ഘടകകക്ഷിയായ മുസ്ലീംലീഗിന്റെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ ഞാൻ പറയട്ടെ. മുസ്ലീംലീഗു പാർട്ടി എവിടെ ശക്തിപ്പെട്ടുവരുന്നുണ്ടോ അവിടങ്ങളിലൊക്കെ മതസൗഹാർദ്ദം അഭംഗുരം നിലനിൽക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. വിപ്ലവകാരികളെന്നു പറയുന്നവർ ഭരിക്കുന്നിടത്തു സത്യത്തിൽ രാജ്യത്തിന്റെ താൽപ്പര്യത്തിന് എതിരായിട്ടുള്ള നീക്കങ്ങളാണ് ഉള്ളതെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ത്രിപുര മുഖ്യമന്ത്രി നാഷണൽ ഇന്റഗ്രേഷൻ സെമിനാറിൽ ചെയ്തിട്ടുള്ള പ്രസംഗം പൂർണ്ണമായും കൈവശം ഉണ്ട്. ഈ മൂന്നു മിനിട്ടിനുള്ളിൽ ത്രിപുരയിൽ എന്തു നടക്കുന്നുവെന്നും പശ്ചിമബംഗാളിൽ എന്തു നടക്കുന്നുവെന്നും അവിടത്തെ ഗവൺമെന്റിന് നിഷ്ക്രിയമായി നോക്കിനിൽക്കാൻ സാധിക്കാത്ത അവസ്ഥയെക്കുറിച്ചും എനിക്ക് രേഖവച്ചു സംസാരിക്കാൻ സമയമില്ലാത്തതു കൊണ്ട് അതിലേക്ക് കടക്കുന്നില്ല. കേരളം ഇൻഡ്യയ്ക്ക് മാതൃകയാണ്. മതസൗഹാർദ്ദത്തിന്റെ കാര്യത്തിലും ദേശീയ ഐക്യത്തിന് സംഭാവന കൊടു ക്കുന്ന കാര്യത്തിലും മാതൃകയാണ്. ഈ വിലപ്പെട്ട മുന്നേറ്റത്തിലേക്ക് ഒരു സംഭാവനകൂടി കൊടുക്കാൻ ഇത്തരം ഒരു കൗൺസിൽ രൂപീകരിച്ചാൽ സാധിക്കു മെന്ന വിശ്വാസമുണ്ട്. അത്രയ്ക്കധികം ഉജ്ജ്വലമായ ദേശസ്നേഹത്തോടുകൂടി പൂർണ്ണ മാന്യസ്നേഹിതൻ ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അഭിമാനപുരസ്സരം പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പി ക്കുന്നു.

## ഭേദഗതികൾ

**ശ്രീ. വി. കെ. രാജൻ :**

പ്രമേയത്തിൽ "ദേശീയോദ്ഗ്രഥന സമിതിയുടെ" എന്നതിനുശേഷം "വർഗ്ഗീയ–വിഭാഗീയ–പ്രാദേശിക കക്ഷികളെയും ശക്തികളെയും ഒഴിവാക്കി" എന്ന് ചേർക്കുക.

**ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :**

പ്രമേയത്തിൽ "ദേശീയോത്ഗ്രഥന സമിതിയുടെ രീതിയിൽ സംസ്ഥാന തലത്തിലും" എന്നതിനുപകരം "ദേശീയോത്ഗ്രഥന സമിതിയുടെ



LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ സാമുദായിക ചിന്ത തടയുന്നതിനും ദേശീയ ഐക്യം വളർത്തുന്നതിനും വേണ്ടി കേരളത്തിൽ സംസ്ഥാന തലത്തിൽ" എന്നു ചേർക്കുക.

ശ്രീ. ലോനപ്പൻ നമ്പാടൻ :

പ്രമേയത്തിൽ "നടപടികം" എന്നതിനു മുമ്പ് "സത്വര" എന്ന വാക്ക് ചേർക്കണം.

ശ്രീ. ഒ. ഭരതൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ പ്രമേയത്തെ അനുകൂലിക്കുകയാണെന്ന് പറയുന്ന സമയത്ത് പ്രമേയം അവതരിപ്പിച്ച് സംസാരിക്കുകയും അതിനെ പിൻതാങ്ങുകയും ചെയ്തിട്ടുള്ള ആളുകളും ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടിയാണോ ഈ പ്രമേയം അവതരിപ്പിച്ച് സംസാരിച്ചിട്ടുള്ളതെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അഖിലേൻഡ്യാടിസ്ഥാനത്തിൽ ഒരു ദേശീയോദ്ഗ്രഥന സമിതി ഉണ്ടാകുന്നതുപോലെ നമ്മുടെ സംസ്ഥാനത്തിലും ഒരു സംസ്ഥാനതല സമിതി ഉണ്ടാകണമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. പക്ഷെ അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള ദേശീയോദ്ഗ്രഥന സമിതിയുടെ യോഗം അംഗീകരിച്ചിട്ടുള്ള തീരുമാനങ്ങളും നമ്മുടെ രാജ്യത്ത് ഭരണാധികാരികൾ ഏതെല്ലാം രീതിയിൽ ലംഘിക്കുന്നുവെന്നുള്ളത് പരിശോധിച്ച് നോക്കണം. ഉദാഹരണത്തിന് മതപരമായിട്ടുള്ള ചടങ്ങുകളിലൊന്നും, ഭരണാധികാരികൾ പങ്കെടുക്കാൻ പാടില്ലെന്ന് ദേശീയോദ്ഗ്രഥന സമിതിയുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ യോഗം തീരുമാനിക്കുക മാത്രമല്ല ചെയ്തത്. പണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന കാലത്ത് അന്നത്തെ പ്രസിഡൻറ് ഡോക്ടർ രാജേന്ദ്രപ്രസാദ് ഹിന്ദുക്കളുടെ മതപരമായിട്ടുള്ള ഒരു ഉൽസവത്തിന് പങ്കെടുക്കാൻ ബീഹാറിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ അത്തരം ചടങ്ങുകളിൽ പങ്കെടുക്കാൻ പാടില്ലെന്ന് അന്നത്തെ പ്രധാനമന്ത്രി വിലക്കുകയുണ്ടായി. പക്ഷെ ഇന്ന് എന്താണ് സർ, നടക്കുന്നത് ? കഴിഞ്ഞ ഏപ്രിൽ മാസം 14, 15 തീയതികളിലാണ് ശ്രീലക്ഷക്കണക്കിന് ഹിന്ദുക്കൾ 'പങ്കെടുത്ത' 'കുംഭമേള'നടന്നത്. 'കുംഭമേള'യിൽ സ്വന്തം ഭാര്യയേയും കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഹിന്ദുക്കളുടെ മതവികാരത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള അങ്ങേയറ്റത്തെ അപമാനകരമായിട്ടുള്ള ഒരു നിലപാടാണ് നമ്മുടെ പ്രധാനമന്ത്രി സ്വീകരിച്ചത്. അതുതന്നെയാണ് സർ, ഇവിടെയും നടക്കുന്നത്. എല്ലാ മാസവും ഒന്നാം തീയതി നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രി ഗുരുവായൂരിൽ പ്രാർത്ഥിക്കാൻവേണ്ടി പോകുന്നു. ആഴ്ചയിൽ ഒരു തവണ സംസ്ഥാനത്തിലെ ഏറ്റവും വലിയ മതമൗലികവാദിയായിട്ടുള്ള പാണക്കാട് ശിഹാബ് തങ്ങളുടെ അടുത്ത് പോയി കാല് നക്കുന്നതിന്റെ ഫലമായിട്ട് അയാളുടെ കാലിന് തൊലിയില്ലാതായിരിക്കുന്നു. ആരാണ്ടെ കാല് നക്കാൻ സർക്കാർ ചെലവിലാണ് സംസ്ഥാനത്തിലെ മുഖ്യമന്ത്രി പോകുന്നത്. 1982-ലെ തെരഞ്ഞെടുപ്പ് നടക്കുമ്പോഴത്തന്നെ ഞങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. സർ, ഐക്യജനാധിപത്യ മുന്നണിയെന്ന് പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിലെ ജാതിമത വർഗ്ഗീയ സാമൂദായിക ശക്തികളുടെ കൂട്ടുകെട്ടാണ് എന്ന്. കഴിഞ്ഞ നാല് കൊല്ലക്കാലത്തെ അനുഭവങ്ങളെടുത്ത് പരിശോധിച്ചാൽ സംസ്ഥാനത്തിലെ നിഷ്പക്ഷമതികളായിട്ടുള്ള മുഴുവൻ ആളുകളും അത് സമ്മതിക്കും. ഈ ഗവൺമെൻറ് ജാതിമത വർഗ്ഗീയ സാമുദായിക ശക്തികളെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ നാട്ടിൽ തലശ്ശേരി, കണ്ണൂർ, വടകര, കോഴിക്കോട് തുടങ്ങിയിട്ടുള്ള സ്ഥലങ്ങളിൽ ഏതാനും മാസക്കാലങ്ങൾക്കുമുമ്പ് ഒരു മുദ്രാവാക്യം ചുവരിൽ എഴുതിവയ്ക്കപ്പെട്ടിട്ടുള്ളത് 'ഇൻഡ്യയുടെ മോചനം

LIBRARY ARCHIVES Kerala Legislative Assembly

ഇസ്ലാമിലൂടെ 'എന്നും' ഇസ്ലാമിന്റെ അന്ത്യം 'ഇൻഡ്യയിൽഞ്ഞെന്നെ' എന്നുമാണ്. ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ എന്ന് പറഞ്ഞപ്പോഴാ ആദ്യത്തെ പ്രതികരണം വന്നത് നമ്മുടെ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നാണ്. അദ്ദേഹം പറഞ്ഞത് ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ എന്ന് പറഞ്ഞാൽ എന്താണ് മനസ്സ്? ഇസ്ലാം എന്ന് പറഞ്ഞാൽത്തന്നെ മോചിപ്പിക്കപ്പെട്ടവൻ എന്നാണ്. മോചിപ്പിക്കപ്പെട്ടവനിലൂടെ മോചനം എന്ന് പറഞ്ഞാൽ തെറ്റില്ലെന്ന് പറഞ്ഞ് വർഗ്ഗീയവാദികളെ പ്രോൽസാഹിപ്പിക്കുന്ന നാണംകെട്ട നിലപാടാണ് നമ്മുടെ സംസ്ഥാനത്തിലെ മുഖ്യമന്ത്രി സ്വീകരിച്ചത്. എന്നിട്ട് ഇവിടെ ഈ രീതിയിൽ പ്രമേയം കൊണ്ടുവരുന്നു. ഈ സംസ്ഥാനത്തിന് ഒരു പാരമ്പര്യം ഉണ്ട്. ഓണം വന്നാലും ക്രിസ്തുമസ് വന്നാലും പെരുന്നാൾ വന്നാലും കിണ്ണത്തിൽ ചോറ് വാരിത്തിന്നുന്ന പാരമ്പര്യമുള്ളവരാണ് ഈ സംസ്ഥാനത്തിലെ ജനങ്ങൾ. ഈ സംസ്ഥാനത്തിലെ ജനങ്ങൾ ഒരമ്മപെറ്റ മക്കളെപ്പോലെ ജീവിച്ചവരാണ്. ആ ജനങ്ങളെ ജാതിയുടെ അടിസ്ഥാനത്തിലും മതത്തിന്റെ അടിസ്ഥാനത്തിലും ഭിന്നിപ്പിച്ചുനിറുത്തുന്നത് കഴിഞ്ഞ നാലാ കൊല്ലക്കാലംകൊണ്ട് സംസ്ഥാനം ഭരിക്കുന്ന കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. നമ്മൾ ആലോചിച്ചുനോക്കണം. ഇന്ന് ഈ സംസ്ഥാനത്തിൽ കേരളീയരുണ്ടോയെന്ന്. ഇന്ന് ഇൻഡ്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷം കേരളീയരാണ്. നമുക്ക് ഇവിടെ നായരേയും ഈഴവനേയും ഹിന്ദുവിനേയും മുസൽമാനേയും ക്രിസ്ത്യാനിയേയും കാണാൻ സാധിക്കും. ഇന്ന് കേരളീയർ കേവലം ന്യൂനപക്ഷമായി മാറിയിരിക്കുകയാണ്. അതുപോലെത്തന്നെയാണ് ഇന്ന് ഇൻഡ്യാരാജ്യത്ത് നോക്കിയാലും കാണാൻ കഴിയുന്നത്. ഇൻഡ്യാ രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷം ഇൻഡ്യാക്കാരനാണ്. ഇത് എന്തുകൊണ്ടാണ്? നമുക്കിവിടെ ഹിന്ദുക്കളുണ്ട്, ക്രിസ്ത്യാനികളുണ്ട്, സിക്കുകാരനുണ്ട്, ജൈനരുണ്ട്, ബുദ്ധമതക്കാരുണ്ട്, സകലയാളുകളുമുണ്ട്. പ്രാദേശിക വാദികളുണ്ട്. വിഘടനവാദികളുണ്ട്. പക്ഷെ നമ്മുടെ രാജ്യത്ത് അഞ്ജനമിട്ട് കറക്കി നോക്കിയാൽ പോലും ഒരു ഇൻഡ്യാക്കാരനെ കാണാൻ പ്രയാസമാണ്. ആരാണ് ഇതിന്റെ ഉത്തരവാദികൾ? ആരാണിതിന്റെ കാരണക്കാർ? കഴിഞ്ഞ പത്തുമുപ്പത്തി മൂന്നുവർഷക്കാലം ഈ രാജ്യം ഭരിച്ചിട്ട് വർഗ്ഗീയവാദികളെയും മതവിഘടന പ്രസ്ഥാനക്കാരെയും പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഭരണാധികാരത്തിലിരിക്കുന്ന ആളുകളാണ് ഇതിനുത്തരവാദികൾ.

സർ, ഇപ്പോഴത്തന്നെ ദേശീയ ഐക്യത്തെപ്പറ്റി പ്രസംഗിക്കുകയാണ്. ത്രിപുരയിൽ ത്രിപുര ഉപജാതി സമിതിയുമായി കൈകോർത്തുപിടിച്ച് അവിടത്തെ ഗവൺമെന്റിനെ അട്ടിമറിക്കാൻ നോക്കുകയാണ്. ആരാണ് മുകാശ്മീരിൽ ലിബറേഷൻ ഫ്രണ്ടുകാർക്കും ജമാഅത്ത് ഇസ്ലാംകാർക്കും പ്രോൽസാഹനം കൊടുത്തുകൊണ്ടിരിക്കുന്നത്? ഫാറൂക്ക് അബ്ദുള്ളയുടെ ഗവൺമെന്റിനെ താഴെയിറക്കാൻ നോക്കി, ഷായുടെ നേതൃത്വത്തിൽ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്ന് അവിടത്തെ ജമാഅത്ത് ഇസ്ലാമികാംക്ക് പ്രോൽസാഹനം കൊടുത്തതാരാണ്? ഈ രാജ്യം ഭരിക്കുന്ന രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. നിങ്ങൾക്കറിയാമോ? യു. പി. യിൽ രാമജന്മഭൂമിയുടെ പേരും പറഞ്ഞ് ——

ശ്രീ: പി. കെ. കെ. ബാവ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ തമിഴ്നാട്ടിലെ മുസ്ലീം ലീഗ് സഖ്യത്തെക്കുറിച്ച് ഒന്നും പറയാതെ അവർ ഇതര സംസ്ഥാനങ്ങളിലെ സംഭവവികാസങ്ങളെക്കുറിച്ചുമാത്രം പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : തമിഴ്നാട്ടിൽ മുസ്ലീംലീഗിനെ ഇത്രയും ശക്തിയായിട്ട് എതിർത്തിട്ടുള്ളത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലാതെ മറെറാരു പാർട്ടിയല്ല. ആ പാർട്ടിയെ എതിർത്തിട്ടാണ് ഞങ്ങളുടെ ആളുകൾ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും തെരഞ്ഞെടുക്കപ്പെട്ടത്. അവരുമായി യാതൊരു കൂട്ടുകെട്ടും ഞങ്ങൾക്കില്ല. രാമജന്മഭൂമിയുടെ പേരും പറഞ്ഞ് ഹിന്ദുക്കൾ ഹിന്ദുസേനയുണ്ടാക്കുന്നു, മുസൽമാൻമാർ ആദം സേനയുണ്ടാക്കുന്നു. മുസൽമാൻമാർ വാളുകൾ ശേഖരിക്കുന്നു ഒരു ഭാഗത്ത് —മറുഭാഗത്ത് ഹിന്ദുക്കൾ ശൂലങ്ങൾ സംഭരിക്കുന്നു ആരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത് ? ഇവരുടെ ഇമാം ബുഹാരിയുടെ മകൻ ആണ് അതിന് നേതൃത്വം കൊടുക്കുന്നത്. അപ്പോൾ രണ്ട് ഭാഗത്തും ഈ ജാതി-മത വിഘടനപ്രസ്ഥാനക്കാരെ രേണാധികാരികൾ പ്രോൽസാഹിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ രാജ്യത്തിന്റെ ഐക്യം തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ഭദ്രത ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഐക്യവും ഭദ്രതയും നമ്മുടെ രാജ്യത്ത് നിലനിറുത്തണമെങ്കിൽ മതവിഘടനവാദികളുടെ പ്രേരണയ്ക്കും..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ആദം സേനയെക്കുറിച്ച് പറഞ്ഞു. ആദംസേനക്കാർ ഡൽഹിയിൽ സംഘടിപ്പിക്കുന്ന മുസ്ലീം സമ്മേളനത്തിൽ കേരളത്തിലെ ലീഗുകാർ പങ്കെടുക്കാൻ പോകുന്നുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഒ. ഭരതൻ : അഖിലേൻഡ്യാടിസ്ഥാനത്തിൽ മുസ്ലീം ലീഗിന്റെ സമ്മേളനം വിളിച്ച് അഖിലേൻഡ്യാടിസ്ഥാനത്തിൽ ആദംസേനയ്ക്ക് രൂപം കൊടുക്കുന്നതിലല്ലേ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത് ?

..... (ബഹളം) .....

ശ്രീ. പി. സീതിഹാജി : സർ, ഈ രാജ്യത്തെ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച ഒരു രാഷ്ട്രീയപ്പാർട്ടിയാണ് എന്റെ പാർട്ടി. അഖിലേൻഡ്യാ സ്വഭാവമുള്ള ഒരു പാർട്ടിയാണ് ഡൽഹിയിൽ ഒരു കൺവെൻഷൻ വിളിച്ചു കൂട്ടുന്നത്. ഏതോ ഒരു ആദംസേനയ്ക്ക് പിൻതുണ കൊടുക്കാനാണെന്ന് പറയുന്നത് ഓർഡറിലാണോ ?

ശ്രീ. ഒ. ഭരതൻ : അങ്ങനെ നമ്മുടെ രാജ്യത്ത് നിയമാനുസൃതം ഭരണഘടനാവിധേയമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണെങ്കിൽ അവർക്ക് അഖിലേൻഡ്യാ സമ്മേളനം പേരുപോലും ഇവിടത്തെ രണ്ട് കോൺഗ്രസ്സുകാർ കണ്ണു മിഴിച്ചാൽ പിന്നെ അവർ അതിൽനിന്ന് പിൻവലിക്കുന്നതെന്തിനാണ്? അപ്പോൾ അതിൽ എന്തോ അപകർഷതാബോധം അവർക്കുണ്ട്. എന്തായാലും ആ പ്രശ്നങ്ങളെപ്പറ്റിയൊന്നും ഞാൻ കൂടുതലായി പറയുന്നില്ല.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നൂറ് നൂറ്റാണ്ട് കൊല്ലക്കാലം ബ്രിട്ടീഷുകാർ ഈ രാജ്യം ഭരിച്ചിട്ട് ഈ രാജ്യത്തെ രണ്ട് കഷ്ണമാക്കി മാറ്റാനേ സാധിച്ചിട്ടുള്ളൂ. എന്നാൽ ഈ കോൺഗ്രസ്സുകാർ മുപ്പത്തിയൊമ്പത് കൊല്ലക്കാലം ഭരിച്ചിട്ട് ഈ രാജ്യത്തെ നാൽപ്പത് കഷ്ണങ്ങളാക്കി വെട്ടിമുറിക്കാനാണ് പോകുന്നത്. ആരാണ് ഇതിന്റെ കാരണക്കാർ ? ദേശാഭിമാനികളായിരുന്ന മുഴുവൻ ആളുകളും രാജ്യസ്നേഹികളായിരുന്ന മുഴുവനാളുകളും ദേശീയ ഐക്യത്തിനെറെയും ഭദ്രതയുടെയും മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ച് ഈ വർഗ്ഗീയവാദികൾക്കും വിഘടനപ്രസ്ഥാനങ്ങൾക്കുമെതിരായി യോജിച്ച് പോരാട്ടം

LIBRARY ARCHIVES Kerala Legislative Assembly

നടത്തണം. അതിനുവേണ്ടിയാണ് ഈ രാജ്യത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും നിലകൊള്ളുന്നതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തോപ്പിൽ രവി)

ശ്രീ. ബെന്നി ബഹനാൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് മി. ഒ. ഭരതൻ ഇവിടെ ചില കാര്യങ്ങളും പറഞ്ഞു. അദ്ദേഹം ഈ പ്രമേയം വായിച്ചിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഇവിടെ മുഖ്യമന്ത്രി ഗുരുവായൂരിൽ പോകുന്നതുകൊണ്ടും അതല്ലെങ്കിൽ മറ്റുചില മതചടങ്ങുകളിൽ പങ്കെടുക്കുന്നതുകൊണ്ടും ഇവിടത്തെ ദേശീയോദ്ഗ്രഥനം തകർന്നുപോയി എന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഈ രാജ്യത്തെ ഏതൊരു പൗരനും അവന്റെ മതവിശ്വാസം വച്ച് പുലർത്താനുള്ള അവകാശവും സ്വാതന്ത്ര്യവും ഉണ്ട്. ഇവിടെ പാണക്കാട്ട് ശിഹാബ് തങ്ങളുടെ വീട്ടിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോകുന്ന കാര്യം ശ്രീ. ഭരതൻ സൂചിപ്പിച്ചു. മിസ്റ്റർ ഭരതൻ, എട്ട് മാസം മുമ്പാണ് തമിഴ്നാട്ടിൽ പഞ്ചായത്ത്, മുനിസിപ്പൽ തെരഞ്ഞെടുപ്പുകൾ നടന്നത്. തമിഴ്നാട്ടിലെ പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇതേ പാണക്കാട്ട് ശിഹാബ് തങ്ങൾ നേതാവായിട്ടുള്ള ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ വീട്ടുപടിക്കൽ, അവരുടെ അന്തപുരങ്ങളിൽ നിങ്ങളുടെ പാർട്ടിപതാക പണയം വച്ചവരാണ് നിങ്ങൾ. നിങ്ങളിവിടെ വർഗ്ഗീയതയെ എതിർക്കുന്നുവെന്നാണ് പറയുന്നത്. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് എറണാകുളം രാജേന്ദ്ര മൈതാനിയിൽ കഴിഞ്ഞ മൂന്ന് മാസം മുമ്പ് നടത്തിയ ഒരു പ്രസംഗം ഞാനും കേട്ടു. ഈ രാജ്യത്തെ വർഗ്ഗീയപ്പാർട്ടികളുമായി നിങ്ങൾ കൂട്ട് പിടിച്ചിട്ടുണ്ട്. നിങ്ങൾ ബി. ജെ പി. യുമായി കൂട്ട് പിടിച്ചിട്ടുണ്ട്. മിസ്റ്റർ ഭരതൻ, നിങ്ങൾക്കറിയാമോ, കഴിഞ്ഞ പാർലമെന്ററി തെരഞ്ഞെടുപ്പിൽ ബി. ജെ. പി. യുടെ നേതാവ് ശ്രീ. അടൽബിഹാരി വാജ്പേയി മൽസരിച്ച ഗ്വാളിയർ നിയോജകമണ്ഡലത്തിൽ നിങ്ങളുടെ സ്ഥാനാർത്ഥിയെ പിൻവലിച്ചുകൊണ്ട് ചിക്കാഗോയിലെ രക്തത്തിൽ കുതിർന്ന രക്തപതാക ഈ രാജ്യത്തെ വർഗ്ഗീയ പിൻതിരിപ്പന്റെ പാദാരവിന്ദത്തിൽ പണയപ്പെടുത്തി, ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശവപ്പെട്ടിയുടെമേൽ അവസാനത്തെ ആണിക്കല്ലടിച്ച പാർട്ടിയാണ് നിങ്ങളുടേത്. നിങ്ങളാണോ ഇവിടെ ദേശീയോദ്ഗ്രഥനത്തെപ്പറ്റി സംസാരിക്കുന്നത് ? ഞങ്ങൾ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : മഴ പെയ്യാതിരിക്കുവാൻവേണ്ടി മാർക്സിസ്റ്റ് ദൈവവിശ്വാസികൾ ഭഗവാന്റെ മുമ്പിൽ തേങ്ങ ഉടയ്ക്കുന്ന ഈ കാലത്ത് നിങ്ങൾക്ക് ദൈവവിശ്വാസമില്ലെന്ന് പറഞ്ഞാൽ വിശ്വസിക്കാനാവുമോ ?

(സഭയിൽ ബഹളം)

ശ്രീ. ബെന്നിബഹനാൻ : മിസ്റ്റർ ഭരതൻ, നിങ്ങളും അടുത്തുതന്നെ ക്ഷേത്രത്തിൽ പോകും. നിങ്ങളും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ പായസം നേർച്ചയ്ക്കും നന്തുപോലെതന്നെ ഗണപതിക്ഷേത്രത്തിൽ തേങ്ങ ഉടയ്ക്കുന്നതിനും പോകും. നിങ്ങളുടെ പാർട്ടിക്കാർ പൊയ്ക്കൊണ്ടിരിക്കുകയാണ്. താമസിയാതെ നിങ്ങളും പോകും. ഇവിടെ മഴ പെയ്യാതിരിക്കുന്നതിനു ദിവസവും അമ്പലത്തിൽ പോകുന്ന ഒരു പാർട്ടി. മുഖ്യമന്ത്രി ദിവസവും ഗുരുവായൂർ പോകുന്നതിനെയാണോ കുറ്റപ്പെടുത്തുന്നത് ? മിസ്റ്റർ ഭരതൻ,

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ കാട്ടായിക്കോണം ശ്രീധരന് വന്നമാതിരി നിങ്ങൾക്ക് സമയമായിപ്പോയി 'നിങ്ങൾ അക്കാര്യം മറക്കരുത്. അപ്പുറത്തിരിക്കുന്നവർക്കെല്ലാമറിയാം' ഞങ്ങൾ പരസ്യമായിട്ടാണ് പോകുന്നത്. നിങ്ങൾ രഹസ്യമായി അമ്പലത്തിൽ പോയി പ്രാർത്ഥിക്കുന്നവരാണ്. രഹസ്യമായി അമ്പലത്തിൽ പോയി പ്രാർത്ഥിക്കുന്നവർ ധാരാളം നിങ്ങളുടെ പാർട്ടിയിലുണ്ടെന്നേ കാര്യം മിസ്റ്റർ നായനാർ ഓർക്കണം. അവരുടെ ഭാര്യമാരും പോകുന്നവരാണ്. അതുകൊണ്ട് ഈ അമ്പലത്തിൽ പോകുന്നതിനെപ്പറ്റി പറയരുത്. ഞങ്ങൾ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് നമ്മുടെ ദേശീയതലത്തിൽ വളരെയേറെ..... പ്രശ്നങ്ങൾ നമ്മുടെ ദേശീയബോധത്തിനെതിരെ, നമ്മുടെ മതേതരത്വത്തിനെതിരെ വളരെയേറെ വെല്ലുവിളികൾ നടക്കുന്ന ഈ സാഹചര്യത്തിലാണ് നാഷണൽ ഇൻറഗ്രേഷൻ കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാം പഞ്ചാബിലും ആസ്സാമിലും ഒട്ടേറെ ഉത്തരേൻഡ്യൻ സംസ്ഥാനങ്ങളിലും മറ്റുചില പ്രദേശങ്ങളിലും ഇൻഡ്യയുടെ ദേശീയബോധത്തിനും ദേശീയ ചിന്താഗതിക്കുമെതിരെ ഒട്ടേറെ വെല്ലുവിളികൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണ്. ഇവിടെ നാഷണൽ ഇൻറഗ്രേഷൻ സമിതിയുടെ പ്രവർത്തനം ദേശീയതലത്തിൽ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാം, നമ്മുടെ പ്രത്യേകത എന്താണെന്നു വച്ചാൽ ഇവിടെ വ്യത്യസ്ത ജാതികൾ, വ്യത്യസ്ത മതങ്ങൾ വിവിധങ്ങളായ ആചാരങ്ങളുമായി മുന്നോട്ട് പോകുന്ന-വൈവിദ്ധ്യത്തിൽ ഏകത്വം കണ്ടെടുത്ത സാംസ്ക്കാരിക പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന 70 കോടി ജനങ്ങൾ അവർക്ക് അവരുടെ ആചാരങ്ങളും വിശ്വാസങ്ങളും മതവിശ്വാസ പ്രമാണങ്ങളിൽ അർപ്പിച്ചുകൊണ്ട് ജീവിക്കുവാനുള്ള അവസരം കൊടുക്കണമെന്നുള്ളതാണ് കോൺഗ്രസ്സിന്റെ, ഭരണകക്ഷിയിലെ എല്ലാവരുടേയും കാഴ്ചപ്പാട്. പക്ഷെ നമ്മുടെ രാജ്യത്ത് ഹിന്ദുവും ക്രിസ്റ്റ്യനും മുസ്ലീമും എല്ലാം ഒരുമിച്ച് ജീവിക്കുന്നത് ഇവിടെ മതേതരത്വമുള്ളതുകൊണ്ടാണ്. ഒരേ ഒരു ഇൻഡ്യ ഒരൊറ്റ ജനത എന്ന വികാരമാണ് ഇവിടെ ഇരിക്കുന്ന ഞങ്ങൾക്കുള്ളത്. കാശ്മീർ മുതൽ കന്യാകുമാരി വരെ പരന്നു കിടക്കുന്ന വിശാലമായ ഇൻഡ്യാരാജ്യത്ത് ഒരേ ഒരിൻഡ്യ ഒരൊറ്റ ജനത എന്നുള്ള സങ്കൽപ്പത്തിൽ കാണണമെന്ന് ശ്രീ. കബീർ മാസ്റ്റർ പറഞ്ഞു. ഇവിടെ കബീർ മാസ്റ്ററിന്റെ പാർട്ടി ദേശീയതലത്തിൽ കൂട്ട് പിടിച്ചിരിക്കുന്നത് ആ വികാരവുമായി ഒരുമിച്ച് പോകാൻ സാധിക്കാത്ത പാർട്ടിയുമായിട്ടാണ്. കബീർ മാസ്റ്റർ ആന്ധ്രയിൽ നിങ്ങൾ ചെന്നാൽ നിങ്ങളുടെ പാർട്ടി തെലുങ്കു ദേശത്തിന്റെ കൂടെയാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അപ്പോൾ ഈ സംസ്ഥാനത്ത് നമ്മുടെ രാജ്യത്തെ വെട്ടിമുറിക്കണമെന്ന് ആഗ്രഹിക്കുന്ന ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പേരിൽ നമ്മുടെ രാജ്യത്തെ വെട്ടി മുറിക്കണമെന്നാഗ്രഹിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളുമായി കൂട്ട് പിടിച്ചുകൊണ്ട് ഇത്രയും തെറ്റായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരാണ് ഇവിടത്തെ പ്രതിപക്ഷപ്പാർട്ടികൾ. നിങ്ങൾക്ക് ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെ ഉൾക്കൊള്ളാൻ കഴിയുകയില്ല അല്ലെങ്കിൽ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടാണ് ഇവിടെ ശ്രീ. ഭരതനെപ്പോലുള്ളവർ മുഖ്യമന്ത്രി ഗുരുവായൂർ പോകുന്നതുകൊണ്ട് ഞങ്ങൾ ഈ പ്രമേയത്തെ അനുകൂലിക്കുന്നുവെന്ന് പറയുന്നത്. അങ്ങനെ പറയാൻ നാണമാവില്ലേ നിങ്ങൾക്ക്? ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി എത്ര പണിയും ചെയ്യേണ്ടത് ഭരതേട്ടനാണ്; അതിന്റെ പേരിൽ നിങ്ങൾ ഇതൊക്കെ പറയും. അതിൽ ഞങ്ങൾക്ക് വിരോധമില്ല. നമ്മുടെ രാജ്യത്ത് നൂറ്റാണ്ടുകളായി ഉയർത്തിക്കൊണ്ടുവന്ന നമ്മുടെ ദേശീയബോധത്തിനെതിരെ, നമ്മുടെ രാജ്യത്തിന്റെ മതേതരസങ്കൽപ്പത്തിനെതിരെ നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യബോധത്തിനെതിരെ ഉയർത്തിക്കൊണ്ടിരിക്കുന്ന വെല്ലുവിളികളെ അതിശക്തമായി നേരിടണം. നമുക്കറിയാം

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും പ്രാദേശിക പാർട്ടികളും വർഗ്ഗീയ പാർട്ടികളും തല പൊക്കുന്നുണ്ടെങ്കിൽ വർഗ്ഗീയപാർട്ടികളുടെയും പ്രാദേശിക പാർട്ടികളുടെയും ഒക്കെ കരാളഹസ്തങ്ങളിൽനിന്നും നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യബോധത്തിനു മോചനം നേടിക്കൊടുക്കണമെന്നുള്ള ഉദ്ദേശലക്ഷ്യത്തോടുകൂടി ശ്രീ. സി. ടി. അഹമ്മദലി ഇവിടെ അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇത് ഒരു നല്ല ആശയമാണ് എന്നു കരുതി ഇവിടെ ഇരിക്കുമ്പോഴാണ് ഒരു തൊഴിലാളിയായ ബഹു: ഇ. റസി. ബഷീറും പിന്നീട് കോൺഗ്രസ് (ഐ) യിലെ യുവജന വിഭാഗത്തിന്റെ പ്രതിനിധിയായ ശ്രീ. ബെന്നി ബഹനാനും സംസാരിക്കുന്നത് കേട്ടത്. അപ്പോൾ തന്നെ എന്റെ ആവേശമൊക്കെ മുക്കാലും പോയി. ഇതാണല്ലോ സമീപനം. പിന്നെ എന്ത് ഉദ്ഗ്രഥനമാണ് ഉണ്ടാവുക ? ഒരു ഉദ്ഗ്രഥനവും നടക്കുകയില്ല. ഞങ്ങളുടെ പാർട്ടി ദേശീയോദ്ഗ്രഥനത്തിനുവേണ്ടിയുള്ള സമരത്തിന്റെ ബലിക്കല്ലിൽ 16 വിലപ്പെട്ട ജീവൻ ബലിയർപ്പിച്ച് പ്രസ്ഥാനമാണ്. ഏറ്റവും ഒടുവിൽ "കനേഡിയൻ" എന്നു വിളിക്കുന്ന സഖാവ് ദർശൻസിംഗ് 50 കൊല്ലകാലം സ്വർത്ഥമെന്തന്നു ആലോചിക്കാതെ തന്റെ ജീവിതം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും തൊഴിലാളി വർഗ്ഗത്തിന്റെ ഉന്നമനത്തിനുവേണ്ടി ചിലവഴിച്ചയാളാണ് ഇന്ത്യയുടെ അഖണ്ഡതനിലനിർത്താനുള്ള സമരത്തിൽ തന്റെ ജീവൻ ബലി അർപ്പിച്ചു. അതിനു കുറച്ചു ദിവസം മുൻപ് ഒരു വെളുപ്പാൻ കാലത്ത് കട്ടിലിൽ കിടന്നുറങ്ങിയിരുന്ന ഞങ്ങളുടെ പാർട്ടി നേതാവ് സഖാവ് ആത്മാ സിംഗ്, അദ്ദേഹത്തിന്റെ കൂടെ കിടന്നിരുന്ന 6 വയസ്സുള്ള മഞ്ജിത് എന്ന മകൻ കുട്ടിയെയും വിളിച്ചുണർത്തി നിഷ്ക്കരുണം കട്ടിലിൽത്തന്നെ വെടിവച്ചിട്ടു. അങ്ങനെ 16 വിലപ്പെട്ട സഖാക്കളെ ബലിയർപ്പിച്ചുക്കൊണ്ട് ദേശീയോദ്ഗ്രഥനത്തിനുവേണ്ടി എങ്ങനെ സമരം ചെയ്യണമെന്ന് തെളിയിച്ചു. ദേശീയോൽഗ്രഥനമെന്ന് വാതോരാതെ പ്രസംഗിക്കും. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ ഏതു ജാതിയുടെ പേര് പറഞ്ഞാൽ വോട്ട് കിട്ടും ഏതു വോട്ട് ബാങ്കിന്റെ മൊത്തം കച്ചവടക്കാരനെ ചൊറിയണം, ഏതു മതഗ്രന്ഥത്തിന്റെ പേരിൽ വോട്ടുപിടിക്കണമെന്നു ഒക്കെ ആലോചിക്കുകയും ചെയ്തു കൊണ്ടല്ല ഞങ്ങൾ, ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ കക്ഷി, ഇടതുപക്ഷ രാഷ്ട്രീയ കക്ഷി, സോഷ്യലിസ്റ്റ് എന്ന കക്ഷി സമരം ചെയ്യുന്നത്. ഞങ്ങളുടെ ചോര അർപ്പിച്ചുകൊണ്ടാണ് ഞങ്ങൾ ഉറച്ചു നിന്നു സമരം ചെയ്യുന്നത്. എനിക്ക് വളരെ സങ്കടം തോന്നുന്നു. തൊഴിലാളിയായ ബഹു: ബഷീറും ചെറുപ്പക്കാരനായ ബെന്നിയും ഇങ്ങനെയൊക്കെ സംസാരിക്കാൻ തുടങ്ങിയാൽ വരുന്ന തലമുറയുടെ പോക്ക് ഇതാണെങ്കിൽ ആ പഴയ വോട്ട് ബാങ്കിന്റെ വഴിക്ക് തന്നെയാണ് പോകുന്നത്. ഇപ്പോൾ ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. ദേശീയോൽഗ്രഥനം വേണം. സംസ്ഥാനതലത്തിലും കമ്മിറ്റി ഉണ്ടാകുന്നത് നല്ലതാണ്. അവിടെ കേന്ദ്രത്തിൽ ഒരു കമ്മിറ്റി പണ്ട് 1961-ൽ പണ്ഡിറ്റ് നെഹ്രു പ്രധാനമന്ത്രിയായിരുന്ന കാലത്ത് അവി കേ തകമ്മ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ ജനറൽ സെക്രട്ടറിയായ സഖാവ് അജയ് ഘോഷും ഒക്കെ മുൻകൈ എടുത്ത് അന്നു സ്ഥാപിച്ചു. ജവഹർലാൽ നെഹറു ജീവിച്ചിരുന്ന കാലത്ത് കുറെ പ്രവർത്തനം നടന്നു. അതിനുശേഷം 15 കൊല്ലക്കാലം ആ കമ്മിറ്റി ഉണ്ടെന്നേ ഓർമ്മിക്കാൻപോലും പിന്നെ വന്ന ഭരണാധികാരികൾക്ക് മനസ്സുണ്ടായില്ല. വിളിച്ചുകൂട്ടാൻ

12 noon

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം കിട്ടിയില്ല. ഇപ്പോഴാണ്, ആപത്തുമൂക്കിൽവന്നു മുട്ടി സ്വാ, സൃഷ്ടിയായ ഫ്രാങ്കെൻസ്റ്റീൻ, ഭിന്ദ്രൻവാല തുടങ്ങിയവർ ഭൂതത്താനെപ്പോലെ ഉയർന്നുവന്നു. രാജ്യം അപകടത്തിൽ പോകും, നിയന്ത്രണത്തിന് അപ്പുറംപോയിക്കഴിഞ്ഞു എന്ന് കണ്ടപ്പോഴാണ് ഇത് ഓർമ്മ വന്നത്. ഓർമ്മ വന്നതിനുശേഷമുള്ള പ്രവർത്തനത്തിന്റെ രീതി എന്താണ്. എന്താണ് ഇപ്പോഴും ചെയ്യുന്നത്? സമീപനരീതിയിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ? വോട്ടു ബാങ്കുകളെ ബലികഴിച്ചിട്ടുള്ള ഒന്നിനും ഇവർ തയ്യാറല്ല എന്നുള്ളതാണ് സത്യം. ഇന്നും പോകുന്നത് പഴയ പോക്കുതന്നെ കൈവിട്ടുപോകുമ്പോഴും പോലീസിനെ ഉപയോഗിച്ചിട്ട്, Anti-terrorist നിയമം കൊണ്ടുവന്നിട്ട്, പൊതു രക്ഷ നിയമം ഉപയോഗിച്ചിട്ട്, ദേശീയ സുരക്ഷിതത്വം പറഞ്ഞിട്ട്, പോലീസിനെയും പട്ടാളത്തിനെയും ഉപയോഗിച്ചിട്ട് ഭരണനടപടികളിൽക്കൂടി പ്രക്ഷോഭണങ്ങളെ അടിച്ചമർത്താം പിന്നെ പഴയ പോക്കിനു പോകാം. ഇതാണ് സമീപനരീതിയെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. തീർച്ചയായിട്ടും ഭീകരപ്രവർത്തനം വന്നാൽ പോലീസിനെ ഉപയോഗിക്കണം. പക്ഷെ ഈ ഭീകര പ്രവർത്തനത്തിനെ എതിരിടുന്നതിന് അവർക്ക് നിലം ഒരുക്കി കൊടുക്കുന്ന ശക്തികളെ തോൽപ്പിക്കുന്നതിന് കഴിവുള്ള യോജിച്ച ഒരു ബഹുജനപ്രസ്ഥാനം ഉണ്ടാക്കാൻ തയ്യാറുണ്ടോ? അങ്ങനെ ബഹുജന പ്രസ്ഥാനമുണ്ടാക്കണമെന്ന ആവശ്യം ബോദ്ധ്യമായാൽ അത് ഉണ്ടാക്കാൻ കഴിയും ഉണ്ടാക്കാൻ അസാദ്ധ്യമല്ലെന്ന് ഞങ്ങൾ തെളിയിച്ചുകൊടുത്തു. രണ്ടാഴ്ചയ്ക്കു മുൻപ് 50,000 ആളുകളുടെ ഒരു റാലി, തൊഴിലാളികൾ, കൃഷിക്കാർ അങ്ങനെയുള്ള ആളുകളുടെ റാലി ഭീകരരുടെ വിളയാട്ടം നടക്കുന്ന ചണ്ഡിഗറിൽ സായുധ സംരക്ഷണം ഞങ്ങളുടെ പാർട്ടി നൽകിക്കൊണ്ട് ഒന്നാം തരം റാലി നടത്തി. ആ റാലി നടത്തിയതിന്റെ പ്രയാചരിത്തമാണ് ദർശൻ സിംഗിന്റെ ജീവൻ ഭീകരർ അപഹരിച്ചത്. അപ്പോഴും അങ്ങനെ നടത്താൻ കഴിയും. പഞ്ചാബിൽത്തന്നെ ഇന്ത്യാ രാജ്യം ഒന്നായിരിക്കണം, റീഗന്റെയും കൂട്ടരുടെയും ലോക സാമ്രാജ്യത്വത്തിന്റെയും ആഗ്രഹം നടക്കാതിരിക്കണം. ഇന്ത്യ ഒറ്റക്കെട്ടായി ഇരിക്കണമെന്ന് ആഗ്രഹമുള്ള ആളുകളും ഒന്നിച്ചു നിന്നാൽ, അങ്ങനെ ഒരാഗ്രഹം കോൺഗ്രസുകാർക്കുണ്ടെങ്കിൽ അവരും ഒന്നിച്ചു നിൽക്കാൻ വരുമെങ്കിൽ ഇടതുപക്ഷശക്തികളെ", തൊഴിലാളി വർഗ്ഗത്തിനു, കൃഷിക്കാർക്ക് ഒന്നിച്ചു നിൽക്കാൻ കഴിഞ്ഞാൽ രാഷ്ട്രീയമായിട്ട് ഈ വിഘടന ശക്തികളെ ചെറുത്തു തോൽപ്പിക്കാൻ കഴിയും. ഖാലിസ്ഥാനിലായാലും ഗൂർഖാലാൻറിലായാലും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗക്കാരുടെ ഇടയിലായാലും, തെക്കേ ഇൻഡ്യയിൽ അവിടവിടെ തലപൊക്കുന്ന വിഘടനപരമായിട്ടുള്ള ചിന്താഗതികളെയായാലും തോൽപ്പിക്കാം. അങ്ങനെ ഒരു മൂവ്മെന്റ് ഉണ്ടാക്കാൻ തയ്യാറാണോ എന്ന് ഞാൻ അപ്പുറത്തിരിക്കുന്ന ആളുകളോട് ചോദിക്കുകയാണ്. അതിനു താൽപ്പര്യമുണ്ടോ? ധൈര്യമുണ്ടോ? തയ്യാറുണ്ടോ? നിങ്ങളുടെ വോട്ടു ബാങ്കിന്റെ സ്വപ്നങ്ങളും, സീറ്റ്, അധികാരം, അതിനും അപ്പക്കഷണം, രാജീവ് ഗാന്ധി പറഞ്ഞ പൗവ്വർ ബ്രോക്കേഴ്സിനെ പ്രീതിപ്പെടുത്തൽ ഇതൊക്കെ മാറ്റിവച്ചിട്ട് രാജ്യം വേണം, രാജ്യമാണ് വലുത് എന്നുള്ള യഥാർത്ഥ ദേശാഭിമാനം, പഴയ കോൺഗ്രസ്സിന്റെ നല്ല വികാരം, അതിന്റെ ഒരംശമെങ്കിലും ഉൾക്കൊള്ളാൻ തയ്യാറുണ്ടോ എന്നാണ് ചോദ്യം. അതു പറയാതെ ഇങ്ങനെ ഇപ്പോഴും ദേശീയ ഉൽഗ്രഥനത്തിനുള്ള കമ്മിറ്റി ഉണ്ടാക്കുകയും അതോടൊപ്പം റിഫായിയെ വിളിച്ച് ഇനി ഒരു സ്വീകരണം കൂടി അയാൾക്ക് കൊടുക്കുക, അങ്ങനെയാണ് നിങ്ങളുടെ പോക്കെങ്കിൽ വെറുതെ എന്തിനു നിയമസഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ളിന് വളരെയധികം ബുദ്ധിമുട്ടുകളൊന്നുമില്ല. ഇന്നു കാണുന്ന വിഭാഗങ്ങളും മതത്തിന്റെയും ജാതിയുടേയും വികാരവിക്ഷോഭം മാത്രമല്ല. ഇന്ന് നമ്മെ ഇവിടെ കെട്ടിപ്പടുക്കുന്ന മുതലാളിത്ത സമൂഹത്തിന്റെ അനിവാര്യമായ, പരിണിതമായ ഫലങ്ങളാണ് ഇതിനകത്ത് ഉൽഭൂതമായ സാമ്പത്തികമായ പ്രശ്നങ്ങളുണ്ട്, സമൂഹ്യമായ പ്രശ്നങ്ങളുണ്ട് ന്യൂനപക്ഷമർദ്ദന പ്രശ്നമുണ്ട്, അതുപോലെതന്നെ രാഷ്ട്രീയമായ അവകാശങ്ങളുടെ മേൽ കൈ വയ്ക്കുന്ന പ്രശ്നങ്ങളുണ്ട്. നമ്മുടെ ഭരണഘടനയുടെ ഉറപ്പുതരുന്ന അടിസ്ഥാനപരമായ മൗലിക അവകാശങ്ങളെ കാർന്നെടുക്കുന്നതിന്റെ പ്രശ്നങ്ങളുണ്ട്. പൗരാവകാശധ്വംസനത്തിന്റെ പ്രശ്നമുണ്ട്. വികാസത്തിന്റെ ഭാഗമായി പുത്തനായിട്ട്, വളർന്നുവരുന്ന ചെറിയ ചെറിയ സാമൂഹ്യ ഗ്രൂപ്പുകൾക്ക്, ഉപദേശീയ ജനവിഭാഗങ്ങൾക്ക് Sub-nationalities-ന് അവരുടെയെല്ലാം ഐഡന്റിറ്റി അസർട്ട് ചെയ്യാനുള്ള സഹായം കൊടുക്കുന്ന പ്രശ്നമുണ്ട്. ഇതിനെയൊക്കെ സംബന്ധിച്ചു പരിഹാരമുണ്ടാക്കണം. ഇപ്പോൾ ചെറിഞ്ഞു പുണ്ണാക്കിയതല്ലേ തമിഴ്നാട്ടിൽ ദ്രവിഡിയുടെ സർക്കുലറിന്റെ പ്രശ്നം, ചെറിയ പ്രശ്നം. ഇവിടെ സഖാവ് ഇന്ന് പറഞ്ഞതുപോലെ പണ്ഡിറ്റ് നെഹ്രു ജീവിച്ചിരിക്കുന്ന കാലത്ത് അദ്ദേഹം കൊടുത്ത ഉറപ്പുകൾക്ക് എതിരായിട്ട് ഒരുസർക്കുലർ. പക്ഷേ അണ്ണാദുരൈ, അടിപിടിയായി. വെടിവയ്പ്പായി ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെയുണ്ട്. ഈ പ്രശ്നങ്ങളിൽനിന്നും കേരളവും വിമുക്തമല്ല. കേരളത്തിലും ഉണ്ട് ഇതെല്ലാം തലപൊക്കിയിട്ടുണ്ട്. ആർ.എസ്.എസ്. ഉണ്ട്, ഹിന്ദു പരിഷത്തുണ്ട്, ജമാ അത്ത് ഇസ്ലാമിയുണ്ട്, ഇസ്ലാമിൽക്കൂടിയാണ് മോചനം എന്ന പോസ്റ്ററുകൾ പതിക്കുന്ന ആളുകളുണ്ട്, വിദേശപണം ഒഴുകുന്നുണ്ട് വിദേശപണം കണക്കില്ലാതെ വളരെയധികം ഇവിടെ ഒഴുകുന്നുണ്ട്. കള്ളക്കടത്തുകാരനും മയക്കുമരുന്നു വ്യാപാരക്കാരും രാഷ്ട്രീയക്കാരും തമ്മിൽ കൂട്ടുകെട്ടുണ്ട്. ആ കൂട്ടുകെട്ടിന്റെ ഒരു പരിണിതഫലമാണ് പഞ്ചാബിൽ നമ്മൾ കണ്ടത്. വെടിയും അടിയുമൊക്കെ ഉണ്ട്. അതുകൊണ്ട് ഇത് ഉണ്ടാക്കണം. ഉണ്ടാക്കിയാൽ ഇതിൽ ഭരണപരമായ നടപടികൾ എന്ത് എടുക്കണമെന്ന് ആലോചിക്കുന്നതിൽ ഭരണകക്ഷിയിൽ ഒതുങ്ങിനിൽക്കുന്നതിനുപകരം അത് ഈ രാജ്യത്തിന്റെ ഐക്യത്തിന്, അഖണ്ഡതക്ക് ജനാധിപത്യപരമായ പുരോഗതിക്ക്, ഈ രാജ്യത്ത് നിലവിലുള്ള ജനാധിപത്യ സംവിധാനം കൂടുതൽ ബലപ്പെടുത്തുന്നതിന് കൂടുതൽ വിപുലപ്പെടുത്തുന്നതിന് വലിയ ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനു വേണ്ടിച്ച് നിൽക്കാൻ ആരെല്ലാം തയ്യാറുണ്ടോ അവർക്ക് ഒന്നിച്ചു നിൽക്കാൻ കഴിയുമെങ്കിൽ അത് വിജയിക്കും. അതിന് സാധിക്കണം. അതിന് ഭരണപക്ഷക്കാർ ഇന്നത്തെ തരത്തിലുള്ള സമീപനം ഉപേക്ഷിക്കാൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഭാരതത്തിന് മറ്റ് എന്നത്തേക്കാളും ദേശീയ ഐക്യവും അഖണ്ഡതയും മതസൗഹാർദ്ദവും നിലനിറുത്തേണ്ട ഒരു അവസരത്തിലാണ് നാം ഈ പ്രമേയം ഇവിടെ ചർച്ച ചെയ്യുന്നത്. ഭാരതത്തിന്റെ വടക്കും, വടക്കു കിഴക്കൻ പ്രദേശങ്ങളിലും ഇന്ന് വിഘടന വാദികളുടെയും തീവ്രവാദപ്രവർത്തകരുടെയും അഴിഞ്ഞാട്ടം നടക്കുന്നുവെന്നുള്ളത് എല്ലാവർക്കുമറിയാം. അതിന്റെ തിക്തഫലങ്ങൾ വിവിധ രാഷ്ട്രീയ നേതാക്കൻമാരും രാഷ്ട്രീയ പാർട്ടികളും ഇന്ന് അനുഭവിച്ചുവരികയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും അതിൽ ഉൽക്കണ്ഠാകുലരായിരിക്കുന്ന അവസരത്തിലാണ് നമ്മൾ ഇവിടെ കൂടിയിരിക്കുന്നത്. ഈ പ്രമേയത്തെ സർവ്വാത്മനാ പിന്താങ്ങുന്നതിനുപകരം ശ്രീ. ഒ. ഭരതനെപ്പോലുള്ള ആളുകൾ ചില



LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പാർട്ടികൾക്കെതിരായി പ്രസംഗിച്ചത് നിർഭാഗ്യകരമായിപ്പോയി. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ഇവിടെ പറഞ്ഞത് ആത്മാർത്ഥതയോടെയാണെങ്കിൽ ഞാൻ അത് അംഗീകരിക്കാനും അനുകൂലിക്കാനും തയ്യാറാണ്. ഇൻഡ്യ ഒന്നായി കാണണമെന്ന് ആഗ്രഹിക്കുന്നവരാണ് ഈ രാജ്യത്തെ എല്ലാ വിഭാഗം ആളുകളും. പക്ഷെ മലയാളികളെ സംബന്ധിച്ചിടത്തോളം മലയാളികൾ ഒഴികെ അതായത് ഓടിക്കോ, പോയ്ക്കോ എന്നു പറയുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് ഡി. എം. കെ. ആ ഡി. എം. കെ. യും സി. പി. എം. ഉം, സി. പി. ഐ. യും തമ്മിലിപ്പോൾ കൂട്ടാണ്. മലയാളികൾ ഒഴികെ. അതുപോലെതന്നെ ഹിന്ദി പഠിക്കാൻ പാടില്ല. ദേശീയ ഭാഷ ഈ രാജ്യത്ത് ആവശ്യമില്ലെ. ദേശീയ ഭാഷ പഠിക്കാൻ പാടില്ലായെന്നു പറയുന്ന ഡി. എം. കെ. യുമായിട്ട് സി. പി. ഐ. യും സി. പി. എം-ഉം കൂട്ടുകെട്ടല്ലെ ? ഭാരതത്തെ സംബന്ധിച്ചിടത്തോളം ഒരു സത്യം നമ്മൾ മനസ്സിലാക്കണം. ധാരാളം ഭാഷകൾ ധാരാളം ജാതി മതങ്ങൾ ഉള്ള ഒരു രാജ്യമാണ് ഇൻഡ്യ. ഇങ്ങനെ ധാരാളം ഭാഷകളും, ജാതി മതങ്ങളുമുള്ള ഒരു രാജ്യത്ത് ജാതിമത ചിന്താഗതിക്ക്, അതീതമായി സമുദായസൗഹാർദ്ദം കെട്ടിപ്പടുക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്. അങ്ങനെ മതസൗഹാർദ്ദവും, ജാതിമത ചിന്തകൾക്ക് അതീതമായതുമായ ഒരു ചിന്താഗതി വളർത്തേണ്ടത് രാഷ്ട്രീയപാർട്ടികളുടെ ആവശ്യമാണ്. അതിനുവേണ്ടി നാം ഒറ്റക്കെട്ടായി ശ്രമിക്കണം. അതല്ലാതെ ഇതിൽ രാഷ്ട്രീയം കാണുകയും രാഷ്ട്രീയം മുതലെടുക്കുകയും ചെയ്യുന്നത് ശരിയല്ല.

സർ, ചൈന ഭാരതത്തെ ആക്രമിച്ചപ്പോൾ ഭാരതവും പാകിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ഭാരതത്തിലെ ജനത ഒറ്റക്കെട്ടായി നിന്നു. ഒരുമിച്ചു നിന്നു. രാഷ്ട്രീയം മറന്നുകൊണ്ട് സമുദായവും ജാതിയവും മറന്നുകൊണ്ട് ഒറ്റക്കെട്ടായി നിന്ന ചരിത്രം ഞാനോർക്കുകയാണ്. ചിലരൊക്കെ അങ്ങിങ്ങായി ചൈനീസ് ആക്രമണ കാലത്ത് ചൈനയെ അനുകൂലിച്ചു എന്നുള്ളത് ശരിയാണ്. അത് ആരാണെന്ന് നമുക്കറിയാം. പക്ഷെ ഒറ്റക്കെട്ടായി നിന്ന ആ കാലഘട്ടത്തെപ്പോലെ ഒരുമയോടുകൂടി നിൽക്കേണ്ട അവസരമാണിത്. രാഷ്ട്രീയം മറന്ന് എല്ലാവരും ഒറ്റക്കെട്ടായിനിന്ന് ഈ വിഘടനവാദത്തിനും ഭീകരപ്രവർത്തനത്തിനും എതിരായി സംഘടിക്കണം, ഒരുമിക്കണമെന്നു മാത്രമേ ഞാൻ ഈയവസരത്തിൽ പറയുന്നുള്ളു. ദേശീയ ഉദ്ഗ്രഥന സമിതിയുടെ രീതിയിൽ ഒരു സമിതിക്ക് ഇവിടെ രൂപംകൊടുത്തു മതസൗഹാർദ്ദം കെട്ടിപ്പടുത്തു ഒറ്റക്കെട്ടായി മുന്നോട്ടു പോകുന്നതിന് ഒരുമിച്ചു നീങ്ങാം. ഇതിൽ രാഷ്ട്രീയം കാണരുതെന്ന് അഭ്യർത്ഥിച്ചുക്കൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സിറിയക് ജോൺ : സർ, ശ്രീ. സി. ടി. അഹമ്മദലി ഈ പ്രമേയം കൊണ്ടുവന്നതിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവിടെ എന്താണ് പ്രശ്നം. വേലിതന്നെ വിളവ് തിന്നുന്ന ഒരവസ്ഥയല്ലെ. ദേശീയ ഉദ്ഗ്രഥനത്തെ സംബന്ധിച്ചിടത്തോളം എപ്പോഴും ഇങ്ങനെ വാതോരാതെ ഉരുവിട്ടുകൊണ്ടിരിക്കുന്നത് ഇവിടത്തെ ഏറ്റവും വലിയ ദേശീയ കക്ഷിയെന്നവകാശപ്പെടുന്ന ഭരണകക്ഷിയായ ഇന്ദിരാ കോൺഗ്രസാണ്. സർ, ഇവിടെ ദേശീയ തലത്തിൽ നോക്കിയാലും പ്രാദേശികതലത്തിൽ നോക്കിയാലും സ്ഥിതി എന്താണ്. പഞ്ചാബിലെയും ആസ്സാമിലെയും കാര്യം ഞാൻ പറയുന്നില്ല. മിസ്സോറാം കരാറുണ്ടാക്കി. ദേശീയ ഉദ്ഗ്രഥനത്തിന്റെ അന്തസത്ത ഇത്രത്തോളം ഞെരിച്ചു തകർത്ത ഒരു കരാറുണ്ടോ ? ഒരു രാഷ്ട്രത്തിനകത്തുതന്നെ മറ്റൊരു രാഷ്ട്രം ഉണ്ടാക്കുക. ലാൽഡംഗയെ മുഖ്യമന്ത്രിയാക്കി. പത്തിരുപത്തഞ്ചു വർഷക്കാലം

LIBRARY ARCHIVES Kerala Legislative Assembly

വിദേശശക്തികളുടെ സഹായത്തോടെ ഇൻഡ്യാ രാജ്യത്തിന്റെ പരമാധികാര ത്തിനെതിരായി സായുധ കലാപം നടത്തിക്കൊണ്ടിരുന്നവരുമായിട്ട് കരാറു ണ്ടാക്കി. വിദേശരാജ്യങ്ങളുമായി വ്യാപാരകരാറുകളിലേർപ്പെടാൻ സ്വാതന്ത്ര്യം നൽകി. എന്തിനാണ് ഇൻഡ്യക്ക് പരമാധികാരം ? ഇത്തരത്തിലുള്ള കലാപകാരികളെ, വിധ്വംസക പ്രവർത്തകരെ നിലയ്ക്കു നിറുത്തുന്നില്ലെങ്കിൽ പിന്നെന്തിനാണ് ഇത്തരത്തിലുള്ള സൈനിക-അർദ്ധസൈനിക സന്നാഹങ്ങളൊക്കെ. ഇപ്പോൾ ഗൂർഖാലാൻഡ് പ്രക്ഷോഭം, അവിടത്തെ ഇന്ദിരാകോൺഗ്രസ്സിന്റെ ഘടകം തന്നെ പറയുന്നത് ആ പ്രക്ഷോഭത്തെ അപലപിക്കുന്നുവെന്നാണ്. അത് അങ്ങേയറ്റം രാജ്യദ്രോഹപരമാണ്, വിധ്വംസക പ്രവർത്തനമാണ്. പക്ഷെ ഇൻഡ്യയുടെ അഖണ്ഡത കാത്തുസൂക്ഷിക്കാൻ ഏറ്റവും കൂടുതൽ പ്രതിജ്ഞാബദ്ധനായിട്ടുള്ള, ഇൻഡ്യയുടെ പ്രധാനമന്ത്രി ആ പ്രക്ഷോഭത്തെ ന്യായീകരിക്കുന്നു. അതിനു ഭരണഘടനാപരമായ സാങ്ടിററി പോലും കൽപിക്കാൻ ഭരണഘടനയിലെ വകുപ്പുകളൊക്കെ തപ്പി 'നടക്കുന്ന ദുഃഖകരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നുവെങ്കിൽ ഈ സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഒരു സമിതി ഉണ്ടാക്കുന്നതുകൊണ്ട് ദേശീയ ഉദ്ഗ്രഥനത്തിന് സഹായകമാകുമെങ്കിൽ നല്ലതുതന്നെ. പക്ഷെ ഈ പ്രശ്നത്തെ ഉപരിപ്ലവമായി സമീപിച്ചാൽ പോരാ. എന്താണ് യഥാർത്ഥ പ്രശ്നമെന്നതിനെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരു ആത്മപരിശോധനയ്ക്ക് സന്നദ്ധരാകണം. ഇവിടെ ദേശീയ ഉദ്ഗ്രഥനത്തിന് എതിരായിട്ടുള്ള ശക്തികളും ഇന്ന് ഈ രാജ്യത്ത് അധികാരത്തിലിരിക്കുന്നവർതന്നെയാണ്. നമ്മുടെ ഈ സംസ്ഥാനത്തെ സ്ഥിതിതന്നെ ഒന്ന് പരിശോധിക്കാം. ഈ സംസ്ഥാനത്ത് ഇന്ന് അധികാരത്തിലിരിക്കുന്ന 'ഗവൺമെൻറ് തന്നെ എല്ലാ ജനങ്ങളെയും തുല്യരായി പരിഗണിക്കുന്നുണ്ടോ ? എല്ലായിടത്തും. ''എൻപിള്ള പൊൻപിള്ള'' എന്ന നയമാണ്. ജാതിയുടെയും പ്രാദേശികതയുടെയും സമുദായത്തിന്റെയും അടിസ്ഥാനത്തിൽ ഓരോരോ പ്രശ്നത്തെ സമീപിക്കുന്നതിന്റെയും ഭരണചക്രം തന്നെ തിരിച്ചുവിടുന്നതിന്റെയും ഫലമായി ജനങ്ങളിൽ അസംതൃപ്തിയും അന്യഥാബോധവും വളർത്തുന്നുണ്ട്. ദേശീയ ഉദ്ഗ്രഥനത്തെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും അപകടകരമല്ലേ. അങ്ങനെ ആണെന്നുണ്ടെങ്കിൽ ഇവിടെ പ്രതിജ്ഞാലംഘനത്തെപ്പറ്റിയും ബാലകൃഷ്ണ പിള്ളയുടെ രാജ്യദ്രോഹപരമായ പ്രസംഗത്തെപ്പറ്റിയും പുത്രമാത്രം ചർച്ചകൾ നടന്നു. ഈ ഗവൺമെൻറിലെ മന്ത്രിമാർ എല്ലാവരോടും തുല്യനീതിയിൽ രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾക്കുവേണ്ടി, മറ്റു താത്പര്യങ്ങളിലുള്ള യാതൊരു പരിഗണനയും കൂടാതെ ഇഷ്ടാനിഷ്ടങ്ങൾക്ക് വശംവദരാകാതെ തങ്ങളുടെ അധികാരം വിനിയോഗിക്കുമെന്ന് ഭരണഘടനയെ ചൊല്ലി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളവരല്ലെ. അങ്ങനെയാണെന്നുണ്ടെങ്കിൽ ഈ സംസ്ഥാനഭരണകൂടം ചില പ്രത്യേക വിഭാഗങ്ങൾക്ക്, ചില പ്രത്യേക പ്രദേശങ്ങൾക്ക് രാഷ്ട്രീയ, സാമുദായിക പ്രാദേശിക പരിഗണനകളുടെ അടിസ്ഥാനത്തിൽ ഭരണചക്രം അവിടത്തേക്ക് വേണ്ടി മാത്രമായി തിരിച്ചു വിടുന്ന രാജ്യദ്രോഹകരമായ സ്ഥിതിവിശേഷമാണുള്ളത്. ആരാണ് ഇവിടെ രാഷ്ട്രീയ ഉദ്ഗ്രഥനത്തിന്, ഏറ്റവും കൂടുതൽ തുരങ്കം വയ്ക്കുന്നത്. ഇവിടെ മതേതരത്വത്തെപ്പറ്റി പറയുമ്പോഴും അത് ദേശീയ ഉദ്ഗ്രഥനത്തിന്റെ മാറാരു വശമാണ്. നേരത്തെ ശ്രീ. ഒ. ഭരതൻ ഇവിടെ ഒരു കാര്യം ചൂണ്ടി ക്കാണിച്ചു. ''ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ'' എന്ന ഒരു മുദ്രാവാക്യം. ആ മുദ്രാവാക്യത്തിനു മതേതരത്വത്തിന്റെ ഏറ്റവും വലിയ ആചാര്യനെന്ന് അവകാശപ്പെടുന്ന ശ്രീ. കെ. കരുണാകരൻ തന്നെ ''വെള്ള പൂശി''. അതിനേക്കാളും ആപൽകരമായിട്ടുള്ള മറെറാരു സ്ഥിതിവിശേഷം അന്നു രാത്രിയുണ്ടായി. അന്ന് ഒരൊററ രാത്രിയിൽ ഈ കേരളത്തിലുള്ള മുഴുവൻ ഗ്രാമാന്തരങ്ങളിലുംപ്പെടെ ഒരു ചുവർപ്പരസ്യമുണ്ടായി. ''ഇസ്ലാമിന്റെ അന്ത്യം

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ'' എന്നുള്ളതായിരുന്നു ആ ചുവർപ്പുരസ്യം. ഇവർക്ക് ആത്മാർത്ഥതയുണ്ടോ ? ഉണ്ടെങ്കിൽ ആ ആത്മാർത്ഥതയെ മാനിക്കുമായിരുന്നു. സർ, ആദ്യത്തെ മുദ്രാവാക്യമുയർത്തിയ നേതാക്കൻമാരെ കുറ്റം കഴിഞ്ഞാണെങ്കിലും അറസ്റ്റു ചെയ്തു. അത്രയും എങ്കിലും നല്ലത്. പക്ഷെ അതിനേക്കാൾ എത്രയോ ഗൗരവമുള്ളതായിരുന്നു ''ഇസ്ലാമിന്റെ അന്ത്യം ഇൻഡ്യയിൽ'' എന്നുള്ള മുദ്രാവാക്യത്തിലുണ്ടായിരുന്നത്. ഈ സർക്കാർ എന്തുകൊണ്ടാണ് ഈ മുദ്രാവാക്യമുയർത്തിയവരെ കയ്യാമം വയ്ക്കാതിരുന്നത്, എന്തുകൊണ്ടാണ് അവരെ തെരഞ്ഞു പിടിക്കാതിരുന്നത''. താൽകാലികമായി ഓരോ വിഭാഗത്തെ കയ്യിലെടുക്കാനും പ്രീണിപ്പിക്കാനും വേണ്ടിയുള്ള അവസരവാദപരമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നു. അതിന്റെ ഫലമായി രാജ്യത്തിന്റെ ദേശീയ ഉദ്ഗ്രഥനമെന്ന് പറയുന്നത് കേവലം മരുമരീചികയായി മാറിയിരിക്കുന്നു, തകർത്തു കളഞ്ഞിരിക്കുന്നു. അതിനെതിരായി രാജ്യത്തെ മതേതരശക്തികളും ദേശീയ ബോധമുള്ളവരും എല്ലാം കൂടി ഉൾക്കൊള്ളുന്ന ഒരു സമിതി, സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടി, ദേശീയ ഉദ്ഗ്രഥന പ്രസ്ഥാനത്തിന് എതിരായി എവിടെ നിന്നെല്ലാം നാമ്പ് ഉയരുന്നുവോ അവിടങ്ങളിലൊക്കെ ആ നാമ്പ് പൂർണ്ണമായി നുള്ളിക്കളയാൻ ഉപകരിക്കുന്ന തരത്തിലുള്ള അധികാരമുള്ള ഒരു സമിതി ഉണ്ടായാൽ കൊള്ളാം. പക്ഷെ ദേശീയതലത്തിൽ ഇന്നുള്ള ദേശീയോദ്ഗ്രഥനസമിതി കേവലം ''കടലാസു പുലിയല്ലെ''. ദേശീയ തലത്തിലുണ്ടാക്കിയിരിക്കുന്ന കൗൺസിലിനെ സംബന്ധിച്ചിടത്തോളം ശ്രീ. സുരേന്ദ്രനാഥ് ഇവിടെ പറഞ്ഞതുപോലെ പത്തോ, ഇരുപതോ കൊല്ലങ്ങൾക്ക് മുമ്പ് ഒരു സമിതിയോഗം നടന്നു എന്നതിനപ്പുറത്ത് ഇങ്ങനെയൊരു സമിതിയെപ്പറ്റി കേട്ടിട്ടില്ലാത്ത ഒരവസ്ഥയാണ്. ഇതു ശരിയാണെങ്കിൽ ഈ സമിതിയെ സംബന്ധിച്ചിടത്തോളം ആർക്കാണ് ഇക്കാര്യത്തിൽ ആത്മാർത്ഥതയുള്ളത്. ഭരണകൂടത്തിനു ആത്മാർത്ഥതയില്ല. ദേശീയ കക്ഷിയെന്നും ഭരണകക്ഷിയെന്നും അവകാശപ്പെടുന്ന കക്ഷികൾ മതേതരത്വത്തെപ്പറ്റി, അഖണ്ഡതയെപ്പറ്റി ഇത്ര കൊട്ടിഘോഷിക്കുന്നത് എന്തിനാണ്. ഇവിടെ ഒരു പുതിയ മുദ്രാവാക്യമുണ്ട്. നേരത്തെയുള്ള മുദ്രാവാക്യം 'ഗരീബി ഹാഓ' എന്നായിരുന്നു. ഇപ്പോഴത്തെ മുദ്രാവാക്യം 'ഭാരത് ബനാവോയാണ്.' ഇൻഡ്യൻ പ്രധാനമന്ത്രി ഭാരത് ബനാവോ മുദ്രാവാക്യമുയർത്തിയത് എന്നാണെന്നറിയാമോ ? വിദേശ രാജ്യങ്ങളുമായി കരാറുകളിൽ ഒപ്പിടുന്നതിനുള്ള അവകാശം കൊടുത്തികൊണ്ടുള്ള കരാർ മിസോറാം കലാപനേതാവായിരുന്നു ലാൽഡംഗയുമായി ഒപ്പിട്ടതിനുശേഷ മാണ്. ആരാണ് ഈ രാജ്യത്ത് ദേശീയ ഉദ്ഗ്രഥനത്തിനെതിരായി പ്രവർത്തിക്കുന്നത്. വിഘടനവാദത്തെ പ്രോൽസാഹിപ്പിക്കുന്നത് ആരാണ്. ഗൂർഖാലാൻഡ് വാദവുമൊക്കെ ശക്തിപ്പെടുത്തി, അവരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ പിന്നിൽ ഈ രാജ്യം ഭരിക്കുന്ന ശ്രീ. രാജീവ് ഗാന്ധി ഉൾപ്പെടെയുള്ള ഭരണകക്ഷികളാണുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ : സർ ഈ പ്രമേയം അവതരിപ്പിച്ച ശ്രീ. സി.ടി. അഹമ്മദാലിയും അതിനെ പിൻതാങ്ങിയ ശ്രീ. ബഷീറും ഇവിടെ ജനാധിപത്യ റിപ്പബ്ലിക്ക് എന്നു മാത്രമേ പറഞ്ഞുള്ളൂ, മതേതര ജനാധിപത്യ റിപ്പബ്ലിക്ക് എന്നു പറഞ്ഞില്ലെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. സിറിയക് ജോൺ : സർ, ശ്രീ. അഹമ്മദാലി, അദ്ദേഹം പ്രസംഗിച്ച കൂട്ടത്തിൽ ആ പരാമർശം ഉണ്ടായെങ്കിലും എനിക്ക് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തെറ്റിദ്ധാരണയൊന്നുമില്ല. അദ്ദേഹം നല്ലൊരു മനുഷ്യനാണ്. പക്ഷെ ഈ മതേതര രാഷ്ട്രം എന്നു പറയുന്ന, നമ്മുടെ ഭരണഘടനയിൽ തന്നെ ഉറപ്പ് നൽകപ്പെട്ടിട്ടുള്ള ആ ഒരു സംവിധാനത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ജനിന്റെ ഏറ്റവും വലിയ കാവൽ ടേൻമാർ, ഈ രാജ്യത്തെ ജാതികോമരങ്ങളുടെ, കാല് നക്കികൊണ്ടിരിക്കുന്നത് ലജ്ജാകരമായ ഒരു സ്ഥിതി വിശേഷമാണ്. തീച്ചയായിട്ടും ഇത് ഈ രാജ്യത്തെ ജനങ്ങളെ ഇരുത്തി ചിന്തിപ്പിക്കേണ്ട ഒരു കാര്യമാണ്. അതുകൊണ്ട് ഇങ്ങനെ ഒരു പ്രമേയം പാസാക്കുന്നതിനെ സംബന്ധിച്ചിടത്തോളം തത്വത്തിൽ ഞങ്ങൾക്കാർക്കും വിയോജിപ്പില്ല. ജനിനോട് ഞങ്ങൾ യോജിക്കുകയാണ്. അതേയവസരത്തിൽ അതിനേക്കാൾ ഉപരിയായിട്ട് ഇതിനെക്കുറിച്ച് ആഴത്തിൽ പരിശോധിച്ച് ഉപരിവിപ്ലവമായിട്ടില്ലാതെ യഥാർത്ഥ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ഒരു ആത്മപരിശോധനയും അതിന്റെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു സമീപനവും എല്ലാപ്പേരുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്, ജനില്ലെങ്കിൽ ഈ രാജ്യം ആപത്തിലാകുമെന്നുള്ള കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഭാരതത്തിന്റെ മുഖമുദ്ര മതേതരത്വമാണ് നമ്മുടെ ഭരണഘടന അനുശാസിക്കുന്നത്. എന്നാൽ ആ മുഖമുദ്രയിൽ കരിവാരി തേയ്ക്കുന്നവരാണ് ആ ഭാഗത്തിരുന്നുകൊണ്ട് ഈ പ്രമേയം അവതരിപ്പിച്ചത് എന്നത് തീരെ ലജ്ജാകരമായൊരു വസ്തുതയാണ്. ഇവിടെ ഈ മതേതരത്വത്തെ ഹനിക്കുന്നവർ, ഇൻഡ്യയിലെ മതസൗഹാർദ്ദത്തെ ഇല്ലാതാക്കുന്നവർ കഴിഞ്ഞകാലങ്ങളിൽ ഭരണത്തിലും, അധികാരത്തിലും തങ്ങിനിൽക്കുന്നതിനുവേണ്ടി വിവിധ സാമുദായിക, മൗലികവാദികളെ പ്രോൽസാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നവരാണ്. അഖിലേൻഡ്യാടിസ്ഥാനത്തിൽ തന്നെ ഭരണത്തിൽ തങ്ങി നിൽക്കുന്നതിന് ഒരു പുരോഗമനവാദി എന്നവകാശപ്പെടുന്ന രാജീവ് ഗാന്ധി ചെയ്തതെന്താണ് ? ശരിയത്തിന്റെ പേരിൽ ഇൻഡ്യയിലെ മതതീവ്രവാദികൾക്ക് വഴങ്ങികൊണ്ട് നിയമം ഭേദഗതി ചെയ്യാൻ തയ്യാറായി. അതിനുപകരമായി ഭൂരിപക്ഷം വരുന്ന ഹിന്ദു ജനതയുടെ പ്രതിനിധികൾ എന്നവകാശപ്പെടുന്ന ബി. ജെ. പി. യുടെയും ആർ. എസ്. എസിനേയും, ഹിന്ദുമുന്നണിയുടെയും വാക്ക് കേട്ട് അങ്ങ് വടക്കെ ഇന്ത്യയിൽ ബാബറിമസ്ജിദ് എന്നൊരു വിഭാഗവും ശ്രീരാമജൻമഭൂമിയെന്നൊരു വിഭാഗവും അവകാശപ്പെടുന്ന വിവാദ ഭൂമിയിൽ ഹിന്ദുഗോസ്സായിമാർക്ക് സ്വച്ഛന്ദം കടന്നുചെന്ന് വിഹരിക്കുന്നതിന് അവസരം ഉണ്ടാക്കിക്കൊടുത്തു, ഒന്നിന് മറൊരു ബാലൻസിംഗ് എന്നപ്പാട്. ഇവിടെ കേരളത്തിൽ എന്തു നടന്നു. ഇവിടെ മതതീവ്രവാദികളുടെ സമ്മർദ്ദത്തിന് വഴങ്ങി മുല്ലമാർക്കും, മൗലവിമാർക്കും പെൻഷൻ നൽകാൻ ഖജനാവിൽ നിന്ന് കൊടുത്തപ്പോൾ ഉത്തര കേരളത്തിലെ ഹിന്ദു ജനങ്ങൾക്കിടയിൽ അത് അമർഷമുണ്ടാക്കിയെന്ന് കണ്ട് ബഹുമാനപ്പെട്ട ശ്രീമാൻ കരുണാകരൻ ഇപ്പോൾ തന്റെ അനുയായി സുന്ദരസ്വാമിയെയും കൊണ്ട് അവിടെ ചെന്ന് അമ്പലങ്ങൾ തോറും കയറിയിറങ്ങി, അവയുടെ നവോത്ഥാനത്തിന്, പുനർനിർമ്മാണത്തിന് കൈയ്ക്കു കൈയ്ക്കു പൈസ കൊടുക്കുന്നു. ഈ രീതിയിൽമതവിഭാഗങ്ങളെ പ്രോൽസാഹിപ്പിക്കുന്നു, അവരെ പോഷിപ്പിക്കുന്നു. ഒരു മത വിഭാഗത്തിനനുകൂലമായി പിൻതുണ കൊടുക്കുമ്പോൾ മറേറ വിഭാഗം അമർഷം കൊള്ളുന്നുയെന്നു കണ്ടാൽ അവർക്കും കൊടുക്കുന്നു ഒരു ഉപശാന്തി, ഒരാശ്വാസം. ഈ രീതിയിൽ മത വിഭാഗങ്ങളെ തടിപ്പിക്കുന്നു. അവരെ തഴച്ചു വളരാൻ പ്രോൽസാഹിപ്പിക്കുന്നു. എന്നിട്ടിവിടെ മതസൗഹാർദ്ദം അപകടത്തിലെന്നു പറയുന്ന ഹൈപ്പാട് എന്ത് മോശത്തരമാണ്. പ്രത്യേകിച്ച് തെരഞ്ഞെടുപ്പ് ആസന്നമാകുന്നു എന്നു കണ്ടപ്പോൾ ഹിന്ദു മുന്നണിയെ കൂടി അനുകൂലിപ്പിച്ചെടുക്കാം എന്ന് കരുതി. അമ്പലങ്ങൾ തോറും കയറി ഇറങ്ങി കാണിക്കപ്പെട്ടികളിൽ ഇടുന്നതുപോലെ സംസ്ഥാന ഖജനാവിൽ നിന്നെടുത്തപണം നേരിട്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ശാന്തിമാരിലും അമ്പലകമ്മിറ്റികളിലും ഏൽപ്പിക്കേണ്ടുന്ന ദുർഗതി എന്തു കൊണ്ട് വന്നു എന്ന് ഈ ഭരണാധികാരികൾ ആലോചിച്ചിട്ടുണ്ടോ ? ഈ പ്രമേയം കൊണ്ടു വന്നിരിക്കുന്നത് തീരെ ആത്മാർത്ഥതയില്ലാതെയാണ്. ഒരു സമിതി ഇത്തരത്തിലുണ്ടാക്കിയെന്നു പറഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമാവില്ല. സമിതിയിലിരുന്ന മത സൗഹാർദ്ദത്തിന്റെ തേൻമൊഴികൾ ഉരുവിട്ട് പുറത്തിറങ്ങി കത്തികൾ കക്ഷത്തിടുക്കിവച്ച് പോർവിളിക്കുന്നവർ ഈ രാജ്യത്ത് മതപരമായ സമീപനം വിട്ട് തികച്ചും രാഷ്ട്രീയമായി സമീപനം എടുത്ത് നാട്ടിലെ പട്ടിണി പാവങ്ങളെ അണിനിരത്തിക്കൊണ്ട് മുന്നോട്ടു പോകാൻ തയ്യാറാകുമെങ്കിലല്ലാതെ ഇവിടെ മതസൗഹാർദ്ദം നിലനിർത്താൻ കഴിയുകയില്ല, ഭാരതത്തിന്റെ അഖണ്ഡത നിലനിർത്താൻ കഴിയുകയില്ല. ഗൂർഖാ ലാൻറിന്റെയും അകാലദളിന്റെയുമൊക്കെ പ്രവർത്തനങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഭരണാധികാരി വർഗ്ഗം തന്നെയാണ്. അവർക്ക് പിൻതുണ നൽകി കാലാകാലങ്ങളിൽ ഇവരെയൊക്കെ വലുതാക്കിയത്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ഈ പ്രമേയത്തിന്റെ തത്വത്തെ ഞാൻ അംഗീകരിക്കുകയാണ്. പക്ഷെ ഈ ഇന്ത്യാ മഹാരാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളും കത്തിയെരിയുമ്പോഴും സാമുദായിക സംഘടനകളും, വിഘടനവാദികളും അതിന്റെ ഉഗ്രരൂപത്തിൽ പത്തി ഉയർത്തി ആടുന്ന ഈ സന്ദർഭത്തിൽ പ്രത്യേകിച്ച് തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ കൊച്ചു കേരളത്തിലെ ഭരണകക്ഷി ബഞ്ചുകളിലെ അവകാശവാദങ്ങളും അതോടൊപ്പം സാമുദായിക പാർട്ടികളും അവസരവാദികളും പ്രാദേശിക പാർട്ടികളും അവകാശവാദങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതിന് ഒരു പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് എന്റെ സുഹൃത്ത് ശ്രീ. അഹമ്മദാലി ഈ പ്രമേയവുമായിട്ട് മുന്നോട്ടുവന്നത് എന്ന് ഞാൻ സംശയിക്കുകയാണ്. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്റെ സുഹൃത്ത് നടത്തിയ പ്രസംഗത്തിന് ഒരു വേശ്യാസ്ത്രീയുടെ ചാരിത്ര്യ പ്രസംഗത്തേക്കാൾ അധികമൊന്നും പ്രാധാന്യം കൊടുക്കേണ്ട കാര്യമില്ല. ഇന്ത്യാമഹാരാജ്യത്തിൽ ഇന്നെന്താണ് നടക്കുന്നത് ? അതിർത്തി പ്രദേശങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. മിസ്സോറാം എന്നു പറയുന്ന ഒരു അതിർത്തി സംസ്ഥാനത്തിൽ ലാൽഡംഗാ എന്നു പറയുന്ന ഒരാളെ മുഖ്യമന്ത്രിയായി നിയമിച്ചിരിക്കുകയാണ്. ആ ലാൽഡംഗയ്ക്ക് ഇന്ത്യാ മഹാരാജ്യത്തിൽ പൗരത്വമില്ല. കഴിഞ്ഞ 10 വർഷക്കാലമായിട്ട് ലണ്ടൻ കേന്ദ്രമാക്കി ഇന്ത്യക്കെതിരായി വിഘടനവാദം നടത്തുകയും ഭീകരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തതിനുശേഷം ഇന്ത്യാ മഹാരാജ്യത്തിന്റെ അതിർത്തി പ്രദേശത്ത് യാതൊരു തത്വദീക്ഷയുമില്ലാതെ ഇന്ത്യയുടെ അഖണ്ഡത നിലനിർത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയായി നിയമിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയായി നിയമിച്ചതിനുശേഷം ഉണ്ടായിരിക്കുന്ന സംഭവങ്ങൾ ബഹുമാനപ്പെട്ട ചെയർകൂടി കേൾക്കേണ്ടതാണ്. ഒരു വിശാല സ്വതന്ത്ര മിസോറാമിനുവേണ്ടി അദ്ദേഹം പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. ഇന്ത്യാമഹാരാജ്യത്തിന്റെ ഉദ്ഗ്രഥനം നടന്നുകഴിഞ്ഞതായിട്ടാണ് ഈ പ്രമേയം വായിച്ചുനോക്കിയാൽ മനസ്സിലാകുന്നത്. നമ്മുടെ ഈ സംസ്ഥാനത്ത് ഭരണബഞ്ചുകളിൽ ഇരിക്കുന്ന നമ്മുടെ സാമുദായിക പാർട്ടികളുടെ ഐക്യനിരയുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമമാത്രമാണിത്. നമ്മുടെ മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ പൈശാചികമായി കൊലപ്പെടുത്തിയതിനെതുടർന്ന് 3500-ൽ അധികം ആളുകളെ പൈശാചികമായി വെട്ടിയും കുത്തിയും കൊന്നു. അവിടെ വെടിവയ്പ്പുകളൊന്നുമുണ്ടായില്ല. ഈ അടുത്തകാലത്ത് രാമജന്മഭൂമിക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി അവിടെ പ്രാദേശികമായിതന്നെ ഒരു ജാഥ നയിച്ചു. കാലത്ത് 7 മണിക്ക് തുടങ്ങിയ ജാഥ വൈകുന്നേരം 5.30 മണിക്കാണ് ഒരു പോയിൻറ് കടന്നത്. അതിൻറെ പിന്നാലെ 20-ാളം ട്രക്കുകൾ നിറച്ച് സജ്ജമായ ആധുനികമായ ആയുധങ്ങളുമായിട്ട് പോയി. എൻറെ പ്രിയപ്പെട്ട സുഹൃത്ത് അഹമ്മദാലിക്ക് അറിയാമോ. മുസ്ലീം സമുദായാംഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിലൂടെ എല്ലാം തകർത്ത് തരിപ്പണമാക്കിക്കൊണ്ട് ജാഥ പോകുകയുണ്ടായി. ഇപ്രകാരമുള്ള ഭീകരപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിൽ ഇവിടെ വന്നു നിന്നുകൊണ്ട് ദേശീയോത്ഗ്രഥനത്തിനു വേണ്ടി ഇതുപോലെ ഒരു പ്രമേയവുമായിട്ട് ഇറങ്ങിത്തിരിച്ചിരിക്കുന്നത് ഈ ഭോണകക്ഷി ബഞ്ചുകളിലിരിക്കുന്ന സുഹൃത്തുക്കളുടെ ഐക്യം ഉണ്ടാക്കുന്നതിനുവേണ്ടി ഉപകരിക്കുന്നെങ്കിൽ ഉപകരിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എൻറെ വാക്കുകൾ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കോൺഗ്രസ് ഭൂർഭരണത്തിൽ ദേശീയ ഐക്യവും അഖണ്ഡതയും നഷ്ടപ്പെട്ടിരിക്കുന്നു. ദേശീയ പതാകയ്ക്കും ദേശീയ ഗാനത്തിനും എതിരെ ശക്തിയായ വെല്ലുവിളി ഉയർന്നിരിക്കുകയാണ്. ദേശീയ ഗാനം ആലപിക്കുന്ന മൂന്ന് മിനിട്ട് സമയത്തുമാത്രമേ ഇന്ത്യയിൽ അഖണ്ഡതയും ഐക്യവുമുള്ളൂ. കേരളം മതസൗഹാർദ്ദത്തിൻറെ ഉത്തമ മാതൃകയായിരുന്നു. ഈ സർക്കാർ അത് തകർത്ത് വർഗ്ഗീയതയെ പാലൂട്ടി വളർത്തുകയാണ്. സർക്കാർ പാഠപുസ്തകങ്ങൾവഴി ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളെ അവഹേളിച്ചിരിക്കുകയാണ്. മത വിശ്വാസങ്ങൾക്കും ചരിത്രസത്യങ്ങൾക്കും എതിരായാണ് ഈ വർഷം പാഠപുസ്തകങ്ങൾ അച്ചടിച്ച് ഇറക്കിയിട്ടുള്ളത്. ക്രിസ്തുവിനേയും മുഹമ്മദ് നബിയേയും പാഠപുസ്തകങ്ങളിൽ അപമാനിച്ചിരിക്കുന്നു. അത് ഭാവി തലമുറയെ വഴിതെറ്റിക്കുകയാണ്. കൂടാതെ തൃശ്ശൂർ ജില്ലയിൽ മുഖ്യമന്ത്രിക്ക് വേണ്ടപ്പെട്ട രണ്ടു പേരാണ് ഗുരുവായൂരപ്പനും കുണ്ടുകുളം ബിഷപ്പും. മുഖ്യമന്ത്രി അവിടെ പോകാറുണ്ട്. ഗുരുവായൂരപ്പൻറെ തിരുവാഭരണങ്ങളും കുണ്ടുകുളം ബിഷപ്പിൻറെ മുറിയിലെ തിരുശേഷിപ്പുകളും മോഷ്ടണം പോയിട്ട് കുറെ കാലമായി. ആരാണ് മോഷ്ടിച്ചതെന്ന് ഞാനിവിടെ പറയുന്നില്ല. ഹിന്ദു ക്രിസ്ത്യൻ ഐക്യം ഊട്ടിയുറപ്പിക്കുന്നതിൻറെ ഉത്തമ ഉദാഹരണമാണിത്. ഇപ്രകാരമുള്ള ദേശീയ ഐക്യവും അഖണ്ഡതയും ഉത്ഗ്രഥനവുമാണെങ്കിൽ ഈ രാജ്യത്ത് വർഗ്ഗീയത വളരുകയേയുള്ളൂ. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ രാജ്യത്തിൻറെ അതി പ്രധാനമായ ഒരു പ്രശ്നത്തെ ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ദേശീയ ഉത്ഗ്രഥനത്തിനേറെയും മതേതരത്വത്തിനേറെയും ഭീഷണി കുത്തക ചിലരിൽ മാത്രമാണ് എന്നുള്ള അവകാശവാദത്തോടുകൂടിയാണ് അപ്പുറത്തുനിന്ന് ചില ചർച്ചകൾ നടന്നത്. അത് നിർഭാഗ്യകരമായിപ്പോയി. എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് എലക്ഷൻ അടുക്കുമ്പോഴും ഈ മുഖ്യമന്ത്രി വിരോധം എന്നുള്ളത് സ്വാഭാവികമാണ്, രാഷ്ട്രീയമാണ്. അതിലൊന്നും കുഴപ്പമില്ല. പക്ഷെ പോയ വഴിയെല്ലാം നല്ല നല്ല കാര്യങ്ങൾക്കുവേണ്ടി മാറിനിവയ്ക്കുന്നത് നല്ലതാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ പ്രമേയത്തിൻറെ ഉള്ളടക്കം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മതേതര രാഷ്ട്രം എന്നു പറയുമ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ മതങ്ങൾക്കും തുല്യമായ അവകാശം, എല്ലാ മതങ്ങളിലും ഉൾക്കൊള്ളുന്ന സത്ത ഉൾക്കൊള്ളാനുള്ള അവകാശം ഇന്ത്യയിലെ എല്ലാ മതസ്ഥർക്കും ഉണ്ട്. യഥാർത്ഥത്തിൽ അതാണുള്ളത്. മതമില്ലാത്ത രാഷ്ട്രമല്ല ഇന്ത്യ. ഇന്ത്യയിൽ എല്ലാ മതങ്ങൾക്കും തുല്യമായ സ്വാതന്ത്ര്യമുണ്ട്. തുല്യമായ ഈശ്വര വിശ്വാസവുമുണ്ട്. ഇന്ത്യ ഈശ്വര വിശ്വാസമുള്ള ഒരു രാഷ്ട്രമാണ്. ആ വിശ്വാസത്തിൽ ഞാൻ ഗുരുവായൂർ പോകുന്നുവെങ്കിൽ, നഹാസാഹിബ് പള്ളിയിൽ പോകുന്നുവെങ്കിൽ, ശ്രീ. ജോസഫ് പള്ളിയിൽ പോകുന്നുവെങ്കിൽ ആ വിശ്വാസമനുസരിച്ച് സാഹോദര്യത്തോടുകൂടി പരസ്പരം ബഹുമാനിച്ച്, ആദരിച്ച് കഴിയുവാനുള്ള അവകാശമാണ് മതേതരത്വം. അത് ഇന്ത്യക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ഇവിടെ എപ്പോഴും തമാശമാത്രം പറയാറുള്ള, രസകരമായ കാര്യംമാത്രം പറയാറുള്ള ശ്രീ. ലോനപ്പൻ നമ്പാടൻ, ഞാൻ ഗുരുവായൂരപ്പനെ ഭജിക്കുന്നു, കുണ്ടുകുളം ബിഷപ്പിനെ സന്ദർശിക്കുന്നു എന്നൊക്കെ പറഞ്ഞു. ഞാൻ എന്റെ മതത്തിന്റെമാത്രം വിശ്വാസത്തെ ആദരിക്കുന്ന ആളല്ല. ഞാൻ വിശ്വസിക്കുന്ന എന്റെ ആരാധനയോടൊപ്പംതന്നെ മറ്റ് മതസ്ഥരേയും ഞാൻ അംഗീകരിക്കുന്നു. അതുകൊണ്ടാണ് ഞാൻ നിലയ്ക്കൽ ഭൂമി കൊടുക്കുന്നത്, ശബരിമലയ്ക്ക് ഭൂമി കൊടുക്കുന്നത്, പള്ളികൾക്ക് ഭൂമി കൊടുക്കുന്നത്.

സർ, ഈശ്വരവിശ്വാസം നശിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കാനുള്ളതല്ല ഈ ജനാധിപത്യമുന്നണി. എല്ലാ മതസ്ഥരുടേയും ആ വിശ്വാസമനുസരിച്ച് പരസ്പരം സൗഹാർദ്ദത്തോടുകൂടി കഴിയുക എന്നുള്ളതാണ്. അതിന് എവിടെയെങ്കിലും കോട്ടം സംഭവിക്കാൻ ഇടവരാതിരിക്കത്തക്കവണ്ണം എല്ലാവരുടേയും സഹകരണം തേടുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ കടമയാണ്. നിങ്ങളുടെ വിശ്വാസത്തിൽ വെള്ളം കടന്നുകൂടിയില്ലേ ? ഇവിടെ ശ്രീ. ജോസഫ് സംസാരിച്ചപ്പോൾ പരിഹസിച്ചു പറഞ്ഞു. അങ്ങനെ പരിഹസിക്കുന്നത് ശരിയല്ല. കാട്ടായിക്കോണം ശ്രീധരന് സമ്മേളനം വിജയിപ്പിക്കാൻവേണ്ടി വഴിപാട് നടത്താൻ തോന്നിയെങ്കിൽ അതിനെ.....

പരിഹസിച്ച് ആക്ഷേപിച്ച് സംസാരിക്കുന്നത് ശരിയല്ല. കാലാന്തരത്തിൽ എല്ലാവരും മാറി മാറി നല്ല നിലയിലേക്ക് വരും. നിങ്ങൾ ഇലക്ഷന് പബ്ലിക് മീറ്റിംഗിൽ പോയി പ്രസംഗിക്കും, വീടുകളിൽ പോയി വോട്ടൊന്ന് പറയും അതാണ് അവരുടെ പാരമ്പര്യം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളത് തുറന്നു പറയും. പറയുന്നത് അനുസരിച്ച് ജനങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ചെയ്യുകയെന്നുള്ളതാണ് പതിവ്. ഞാൻ ആ കാര്യത്തിലേക്കൊന്നും കടക്കുന്നില്ല. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഒരു പാരമ്പര്യമുണ്ട്. ആ പാരമ്പര്യം നഷ്ടപ്പെടാൻ ഇടയാകരുത് എന്ന് ഞാൻ വിനീതനായി അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ പ്രമേയത്തിലെ തത്വം അംഗീകരിച്ചുകൊണ്ട് എടുത്തിട്ടുള്ള നടപടി ഞാൻ വ്യക്തമാക്കാം. അതിനായി ഒരു സമിതി രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ സമിതിയുടെ ഘടന ഇതാണ്. മുഖ്യമന്ത്രി (ചെയർമാൻ) ആഭ്യന്തരവകുപ്പുമന്ത്രി (വൈസ് ചെയർമാൻ) നിയമസഭയിലെ പാർലമെന്ററി പാർട്ടി ലീഡർമാർ, അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി, അല്ലെങ്കിൽ അവർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികൾ, പൊതുജനങ്ങളിൽനിന്ന് മൂന്ന് പ്രതിനിധികൾ, ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ് സെക്രട്ടറി, പോലീസ് ഡയറക്ടർ ജനറൽ, (ജനറൽ ആൻഡ് ഇൻറലിജൻസ്) എന്നിവരായിരിക്കും ഇതിലെ അംഗങ്ങൾ. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻവേണ്ടി പാർട്ടി പ്രതിനിധികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പോ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ കമ്മിറ്റി രൂപീകരിക്കും. ദേശീയ ഉത്ഗ്രഥനത്തിന്, വിശേഷിച്ച് നാം ഒക്ടോബർ മാസത്തിലാണ് സമ്മേളിക്കുന്നത്. ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി, ഇന്ത്യയുടെ ദേശീയ ഉത്ഗ്രഥനത്തിനെറ മൂല്യങ്ങൾ കാത്തു സൂക്ഷിക്കാൻവേണ്ടി ചോരചിന്തിയ, ആരാദ്ധ്യയായ ശ്രീമതി ഇന്ദിരാജിയുടെ ജീവൻ ബലിയർപ്പിച്ചത് ഈ മാസം 31-ാം തീയതിയാണ്. ആ മാസം തന്നെ ഇത്തരം ഒരു നടപടിയുമായി മുന്നോട്ടുപോകാൻ എല്ലാ ഭാഗങ്ങളിൽ നിന്നും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തിനെറ തത്വത്തെ അംഗീകരിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചുകൊള്ളട്ടെ അഖിലേന്ത്യാ ദേശീയോത്ഗ്രഥന സമ്മേളനം ചേർന്ന് അവിടെവച്ച് അംഗീകരിച്ചതിനെറ ഭാഗമായിട്ടല്ലേ ഇപ്പോൾ എടുക്കുന്നത് ?

ശ്രീ. കെ. കരുണാകരൻ : പ്രമേയം അതുതന്നെയാണ്.

ശ്രീ. ഇ. കെ. നായനാർ : ഈ പ്രമേയമാണ് നിങ്ങൾ അംഗീകരിക്കുന്നതെങ്കിൽ ഇതിനകത്ത് സെക്കുലറിസമില്ലേ ? സെക്കുലറിസമില്ലാത്ത ഒരു ഉത്ഗ്രഥനമുണ്ടോ ? ഈ പ്രമേയത്തിൽ അത് ഇല്ല. അതാണ് ഞാൻ ചോദിച്ചത്.....

മി. ഡപ്യൂട്ടി സ്പീക്കർ : പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

മി. ഡപ്യൂട്ടി സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഒക്ടോബർ 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.40-ന് പിരിഞ്ഞു.)



LIBRARY ARCHIVES Kerala Legislative Assembly